2023
SEPTEMBER
22
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ആകാശ എയറിന് രാജ്യാന്തര സർവീസിന് അനുമതി

**ന്യൂഡൽഹി:** പൈലറ്റുമാർ കൂട്ടത്തോടെ രാജിസമർപ്പിച്ചതിനെത്തുടർന്നു പ്രതിസന്ധിയിലായ ആകാശ എയറിനു രാജ്യാന്തര സർവീസിന് അനുമതി. വർഷാവസാനത്തോടെ രാജ്യാന്തര സർവീസ് ആരംഭിക്കാൻ അനുമതി ലഭിച്ച ആകാശ, കൂടുതൽ വിമാനങ്ങൾ വാങ്ങാനുള്ള നീക്കം ആരംഭിച്ചുവെന്നാണു വിവരം. അതേസമയം, കഴിഞ്ഞ 3 മാസത്തിനിടെ നോട്ടിസ് കാലാവധി പൂർത്തിയാക്കാതെ 43 പൈലറ്റുമാർ രാജിവച്ചതിനെത്തുടർന്നു കടുത്ത പ്രതിസന്ധി നേരിടുന്ന കമ്പനി, സർവീസുകൾ വെട്ടിച്ചുരുക്കുകയാണ്.

നില മെച്ചപ്പെടുത്താൻ കടുത്ത നടപടികൾ വേണ്ടിവരുമെന്നും സർവീസുകൾ താൽക്കാലികമായി നിർത്തേണ്ടി വരുമെന്നും കമ്പനി സിഇഒ വിനയ് ദുബെ ചൊവ്വാഴ്ച രാത്രി ജീവനക്കാർക്ക് അയച്ച ഇമെയിൽ സന്ദേശത്തിൽ പറഞ്ഞു. അടച്ചുപൂട്ടേണ്ട സാഹചര്യത്തിലാണെന്നു കഴിഞ്ഞ ദിവസം കമ്പനി ഡൽഹി ഹൈക്കോടതിയിൽ വ്യക്തമാക്കിയിരുന്നു.

ജൂലൈ മാസം ആരംഭിച്ച സർവീസ് വെട്ടിക്കുറയ്ക്കൽ അടുത്ത മാസവും തുടരേണ്ടി വരുമെന്നാണു വിവരം. പൈലറ്റുമാർക്കെതിരെ നടപടിയാവശ്യപ്പെട്ടു കമ്പനി കഴിഞ്ഞ ദിവസം ഡൽഹി ഹൈക്കോടതിയെ സമീപിച്ചിരുന്നു. കമ്പനി പ്രതിസന്ധിയിലാണെന്നും നിലവിലെ സാഹചര്യത്തിൽ അടച്ചുപൂട്ടേണ്ടി വരുമെന്നും കോടതിയിൽ നൽകിയ ഹർജിയിൽ കമ്പനി പറയുന്നു. ക്യാപ്റ്റൻമാരും സഹ പൈലറ്റുമാരും കമ്പനി വിടുന്നതിനു മുൻപു 6,12 മാസം നോട്ടിസ് കാലാവധി പൂർത്തിയാക്കണമെന്നാണു വ്യവസ്ഥ. രാജിവച്ച 43 പേർ ഇതു പാലിച്ചില്ലെന്നും കമ്പനി ആരോപിച്ചു. വിഷയം നാളെ കോടതി പരിഗണിക്കുന്നുണ്ട്.

പൈലറ്റുമാരുടെ കുറവിനെത്തുടർന്നു പ്രതിദിനം 24 സർവീസുകളാണു നിലവിൽ ആകാശ വെട്ടിക്കുറച്ചിരിക്കുന്നത്. പ്രതിദിനം 120 സർവീസുകൾ നടത്തുന്ന കമ്പനിക്ക് ഈ മാസം മാത്രം 700 സർവീസുകൾ ആകെ ഉപേക്ഷിക്കേണ്ടി വരുമെന്നാണു വിവരം. എന്നാൽ, പൈലറ്റ് വിഷയത്തിൽ ഡിജിസിഎ ഇതുവരെ ഇടപെട്ടിട്ടില്ല. അതേസമയം, പുതിയ പൈലറ്റുമാർ പരിശീലനത്തിന്റെ പല ഘട്ടങ്ങളിലാണെന്നും ഇതു പൂർത്തിയായാലുടൻ 30 വിമാനങ്ങളിൽ ഇവരുടെ സേവനം ലഭ്യമാക്കുമെന്നും വിനയ് ദുബെ ഇമെയിൽ സന്ദേശത്തിൽ പറയുന്നു.

## ഓഹരി വിപണിയിൽ കനത്ത നഷ്ടം

**മുംബൈ:** അമേരിക്കൻ ഫെഡറൽ റിസർവിന്റെ നയപ്രഖ്യാപനത്തിനു മുന്നോടിയായി ഓഹരി വിപണിയിൽ കനത്ത വിൽപന സമ്മർദം. ഇന്നലെ സെൻസെക്സ് 796 പോയിന്റും നിഫ്റ്റി 232 പോയിന്റും ഇടിഞ്ഞു. ആഗോള വിപണികളിലെല്ലാം നഷ്ടമായിരുന്നു. കഴിഞ്ഞ രണ്ടു വ്യാപാരദിനങ്ങളിലായി നിക്ഷേപകർക്ക് 2.89 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടായി. ബാങ്ക് ഓഫ് ഇംഗ്ലണ്ട്, ബാങ്ക് ഓഫ് ജപ്പാൻ എന്നീ കേന്ദ്ര ബാങ്കുകളും ഈ ആഴ്ച പണനയ അവലോകനയോഗം ചേരുന്നുണ്ട്.

അമേരിക്കയുടെ ബോണ്ട് വരുമാനം വലിയതോതിൽ ഉയരുന്നതും ആഗോളതലത്തിൽ ഓഹരി വിപണികളിൽ സമ്മർദമുണ്ടാക്കുകയാണ്. 17 വർഷത്തെ ഏറ്റവും ഉയർന്ന വരുമാനമാണ് ട്രഷറി ബോണ്ടുകൾ രേഖപ്പെടുത്തിയത്. ട്രഷറി വരുമാനം ഉയരുമ്പോൾ വൻകിട നിക്ഷേപകർ ഓഹരികൾ വിറ്റ് ബോണ്ടുകൾ വാങ്ങുന്നതാണ് നഷ്ടമുണ്ടാകാൻ കാരണം. അസംസ്കൃത എണ്ണ വില കുതിച്ചുയരുന്നതും വിപണിയെ ബാധിക്കുന്നുണ്ട്. അതേസമയം, രൂപ ഡോളറിനെതിരെ 19 പൈസ നേട്ടത്തോടെ 83.07ൽ വ്യാപാരം അവസാനിപ്പിച്ചു.

# ചരിത്രം പിറന്നു; വനിതാ സംവരണ ബില്ലിന് രാജ്യസഭയുടെ അംഗീകാരം




**ന്യൂഡൽഹി:** ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം നടപ്പാക്കാനുള്ള ഭരണഘടനാ ഭേദഗതി ബില്ലിന് രാജ്യസഭ അംഗീകാരം നൽകി. 215 പേർ അനുകൂലിച്ച വോട്ടെടുപ്പിൽ, ബില്ലിനെ എതിർത്ത് ആരും രംഗത്തുവന്നില്ല. രാജ്യത്ത് സ്ത്രീശാക്തീകരണത്തിന്റെ നിർണായക ചുവടുവയ്പാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭരണഘടനയുടെ 128ാം ഭേദഗതി ബില്ലാണിത്. നിലവിലുള്ള 33 ശതമാനത്തിൽ സംവരണത്തിൽ ഒബിസി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തണമെന്ന് കോൺഗ്രസ് എംപിമാർ ഭേഗതിയിലൂടെ ആവശ്യപ്പെട്ടു. വനിതാ സംവരണം ഉടൻ നടപ്പിലാക്കണമെന്നും ഒൻപത് എംപിമാർ ചേർന്ന് അവതരിപ്പിച്ച ഭേദഗതിയിൽ ആവശ്യപ്പെടുന്നു.

അതിനിടെ 2026നകം സംവരണം പൂർണ തോതിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ രാജിവയ്ക്കുമെന്ന് ഉറപ്പു നൽകാൻ പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും തയാറാകണമെന്ന് മുൻ കോൺഗ്രസ് നേതാവ് കപിൽ സിബൽ ആവശ്യപ്പെട്ടു. അടുത്ത തിരഞ്ഞെടുപ്പിൽ ആരാണ് അധികാരത്തിലെത്തുകയെന്ന് പറയാനാകില്ല. എന്നാൽ ബിജെപി അധികാരത്തിലുണ്ടെങ്കിൽ 2026നകം സംവരണം നടപ്പിലായില്ലെങ്കിൽ രാജിവയ്ക്കുമെന്ന് സഭയ്ക്കു ഉറപ്പു നൽകാൻ പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും തയാറാകണം കപിൽ സിബൽ ആവശ്യപ്പെട്ടു.

നോട്ടുനിരോധനവും ലോക്ഡൗണുമെല്ലാം പെട്ടെന്നു നടപ്പിലാക്കിയ സർക്കാർ എന്തുകൊണ്ടാണ് വനിതാ സംവരണം 2024ലെ തിരഞ്ഞെടുപ്പിൽ തന്നെ നടപ്പിലാക്കുന്നതിൽനിന്നും പിന്തിരിയുന്നതെന്ന് വന്ദന ചവാൻ ചോദിച്ചു. പത്തു വർഷങ്ങൾക്കു ശേഷം നടപ്പിലാകാൻ പോകുന്ന സംവരണത്തിനായി പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ ബിൽ കൊണ്ടുവന്നത് ദുരൂഹമാണെന്ന് ആർജെഡി അംഗം ജയന്ത് ചൗധരി കുറ്റപ്പെടുത്തി. അതേസമയം, ബില്ലിനെ തങ്ങൾ പൂർണമായും അനുകൂലിക്കുന്നതായി എഐഎഡിഎംകെ വ്യക്തമാക്കി. വാഗ്ദാനം ചെയ്തതെല്ലാം നടപ്പിലാക്കിയിട്ടുള്ള നേതാവാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്നും വനിതാ സംവരണ ബില്ലിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചതെന്നും ബിജെപി അംഗം സുശീൽ കുമാർ മോഡി അവകാശപ്പെട്ടു.ഭരണപക്ഷ പ്രതിപക്ഷ പിന്തുണയോടെ ബിൽ ബുധനാഴ്ച ലോക്സഭ പാസാക്കിയിരുന്നു. 454 പേർ അനുകൂലിച്ചും 2 പേർ എതിർത്തും വോട്ടു ചെയ്തു. ഐഎംഐഎമ്മിന്റെ അസദുദ്ദീൻ ഉവൈസിയും ഇംതിയാസ് ജലീലുമാണ് ബില്ലിനെ എതിർത്ത് വോട്ട് ചെയ്തത്. അസദുദ്ദീൻ ഉവൈസിയുടെ ഭേദഗതി നിർദേശം സഭ ശബ്ദവോട്ടോടെ തള്ളിയിരുന്നു.




# തിരുവനന്തപുരം വിമാനത്താവളം; യാത്രക്കാരുടെ എണ്ണത്തിൽ വർധന



**തിരുവനന്തപുരം:** തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ യാത്രക്കാരുടെ എണ്ണത്തിൽ വർധന. ഓഗസ്റ്റിൽ 3.73 ലക്ഷം പേരാണ് തിരുവനന്തപുരം വിമാനത്താവളം വഴി യാത്ര ചെയ്തത്. 2.95 ലക്ഷം പേർ യാത്ര ചെയ്ത 2022 ഓഗസ്റ്റിനെ അപേക്ഷിച്ച് 26% വർധന.ആകെ യാത്രക്കാരിൽ 1.97 ലക്ഷം പേർ ഇന്ത്യയിലെ വിവിധ നഗരങ്ങളിലേക്കാണു യാത്ര ചെയ്തത്.

വിദേശത്തേക്കു പറന്നത് 1.75 ലക്ഷം പേർ. ആഴ്ചയിൽ ശരാശരി 126 സർവീസുകളാണ് നിലവിൽ വിദേശ രാജ്യങ്ങളിലേക്കുള്ളത്. ഇന്ത്യൻ നഗരങ്ങളിലേക്ക് 154 എണ്ണം. മുംബൈ, ഡൽഹി എന്നിവിടങ്ങളിലേക്ക് സർവീസുകളുടെ എണ്ണം കൂടിയതോടെ നിരക്ക് കുറയുകയും വിദേശത്തേക്കുള്ള കണക്ടിവിറ്റി വർധിക്കുകയും ചെയ്തു.

യാത്രക്കാരുടെ എണ്ണം കൂടുന്നതിനനുസരിച്ചു കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനുള്ള പദ്ധതികളും പുരോഗമിക്കുകയാണെന്ന് വിമാനത്താവള അധികൃതർ പറഞ്ഞു.

തിരുവനന്തപുരത്തു നിന്നു പ്രതിദിനം യാത്ര ചെയ്യുന്നവരുടെ എണ്ണം ശരാശരി 12000 കവിഞ്ഞു. എൺപതിലധികം വിമാനങ്ങളാണ് ഓരോ ദിവസവും സർവീസ് നടത്തുന്നത്.

കഴിഞ്ഞ മാസം ആകെ 2416 വിമാനങ്ങൾ തിരുവനന്തപുരം കേന്ദ്രീകരിച്ച് സർവീസ് നടത്തി.

# ടൂറിസം മേഖല പുതിയ ലൈസൻസ് കിട്ടുന്നില്ല; വള്ളങ്ങൾ കരയിൽ തന്നെ



**കൊല്ലം:** വിനോദ സഞ്ചാര ആവശ്യത്തിനായി നിർമിച്ച വള്ളങ്ങൾക്ക് ലൈൻസ് ലഭിക്കാതെ ഉടമകൾ വലയുന്നു, ലക്ഷങ്ങൾ വായ്പ എടുത്ത് വള്ളം നിർമിച്ചവരാണ് വെട്ടിലായത്. തുറമുഖ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങാതെ നിർമിച്ചതാണ് ലൈസൻസ് ലഭിക്കുന്നതിന് തടസ്സമായത്. വിനോദ സഞ്ചാര മേഖലയായി വികസിക്കുന്ന മൺറോതുരുത്തിൽ 5 വള്ളങ്ങൾക്ക് ലൈസൻസ് ലഭിക്കാനുണ്ട്. 2018 വരെ അദാലത്ത് നടത്തി, ഇത്തരം വള്ളങ്ങൾക്ക് ലൈസൻസ് നൽകുമായിരുന്നു. ആലപ്പുഴയിലും മറ്റു അദാലത്ത് നടന്നെങ്കിലും കൊല്ലം ജില്ലയിൽ 5 വർഷമായി അദാലത്ത് നടക്കുന്നില്ല.

വള്ളം നിർമിച്ചവർ മുഖ്യമന്ത്രിക്കു പരാതി നൽകിയപ്പോൾ ഇക്കാര്യത്തിൽ ഉന്നത തലത്തിൽ തീരുമാനം ഉണ്ടാകുമെന്നായിരുന്നു മറുപടി. എന്നാൽ തുടർനടപടികൾ ഉണ്ടായില്ല. 2022ലെ ഉത്തരവ് പ്രകാരം അനുമതി ലഭിക്കുന്നതിന് നേരത്തെ ഉണ്ടായിരുന്ന മാനദണ്ഡങ്ങളിൽ ചെറിയ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. എൻജിൻ ഉപയോഗിക്കുന്ന വള്ളങ്ങൾക്കാണ് തുറമുഖ വകുപ്പിൽ നിന്ന് അനുമതി തേടേണ്ടത്.

നിർമാണം തുടങ്ങുന്നതിനു മുൻപ് നിർദിഷ്ട ഫോമിൽ അപേക്ഷ നൽകണമെന്നാണ് വ്യവസ്ഥയെന്നു തുറമുഖ വകുപ്പ് ഓഫിസർ പറഞ്ഞു. വള്ളത്തിന്റെ രൂപരേഖയും നൽകേണ്ടതുണ്ട്. തുറമുഖ വകുപ്പു സർവേയർമാർ പരിശോധിച്ചാണ് അനുമതി നൽകുന്നത്. അംഗീകൃത യാഡിൽ ആണ് നിർമാണം നടത്തേണ്ടത്. നിർമാണത്തിന് ഇടയ്ക്കും പണി പൂർത്തിയാകുമ്പോഴും സർവേയർ പരിശോധന നടത്തിയാണ് ലൈസൻസ് നൽകുന്നത്.

എൻജിൻ ഉപയോഗിക്കാത്ത വള്ളങ്ങൾക്കു ഇറിഗേഷൻ വിഭാഗത്തിൽ നിന്നാണ് അനുമതി ലഭിക്കുന്നത്.നിബന്ധനകളെക്കുറിച്ച് കാര്യമായി അറിവില്ലാതെ നിർമാണം തുടങ്ങിയവരാണ് വെട്ടിലായത്. 15 ലക്ഷം രൂപ വരെ വള്ളത്തിനു നിർമാണച്ചെലവു വരും.

അദാലത്തിൽ പരിഹരിക്കപ്പെടും എന്നായിരുന്നു ഉടമകളുടെ പ്രതീക്ഷ. അദാലത്ത് നടക്കാത്തതിനാൽ സർവീസ് തുടങ്ങാൻ കഴിയുന്നില്ല.

## പ്ലാസ്റ്റിക് പാഴ്‌വസ്തു സംസ്കരണകേന്ദ്രം: വിദഗ്ധസംഘം വിലയിരുത്തി

**കുന്നന്താനം:** ക്ലീൻ കേരള കമ്പനി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കിൻഫ്രാ പാർക്കിൽ നിർമിക്കുന്ന ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് പാഴ്‌വസ്തു സംസ്കരണകേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിനു സാങ്കേതിക വിദഗ്ധസംഘം സന്ദർശിച്ചു. കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി സ്റ്റേറ്റ് അർബൻ ആൻഡ് സാനിറ്റേഷൻ വിദഗ്ധൻ ജയകുമാർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽ എൻജിനീയറിങ് ആൻഡ് ടെക്നോളജി (സിഐപിഇടി) സാങ്കേതിക വിദഗ്ധൻ പ്രവീൺജിത്ത്, അസിസ്റ്റന്റ് ടെക്നിക്കൽ ഓഫിസർ വി.എൻ. സന്തോഷ് എന്നിവരാണ് സന്ദർശിച്ചത്. സികെസിഎൽ സിവിൽ എൻജിനീയർ എം.പി. ബിനോയ്, കെഇഎൽ എൻജിനീയർമാരായ മഹേഷ്, ബേസിൽ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ എം.ബി. ദിലീപ്കുമാർ, സികെസിഎൽ ഇലക്ട്രിക്കൽ എൻജിനീയർ ആർ.എസ്. ആനി എന്നിവർ പ്ലാന്റിന്റെ പ്രവർത്തനലക്ഷ്യങ്ങൾ വിശദീകരിച്ചു.

ഫാക്ടറി കെട്ടിടം, ഗോഡൗൺ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമാണം പൂർത്തീകരിച്ചു. അഗ്നിശമന സുരക്ഷാ സംവിധാന ജോലികൾ തുടങ്ങിയിട്ടുണ്ട്. കൺവേയർ ബെൽറ്റ്, എക്സ്ട്രൂഡർ, ഷ്രെഡിങ്, ബെയിലിങ്, ഡെസ്റ്റ് റിമൂവർ, വാഷിങ് തുടങ്ങിയ യന്ത്രങ്ങൾ സ്ഥാപിക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്. പ്ലാന്റിന്റെ നിർമാണം പൂർത്തികരിക്കുന്നതോടെ ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഹരിത കർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ സംസ്കരിക്കാൻ കഴിയും. ഒരുദിവസം 5 ടൺ പ്ലാസ്റ്റിക് സംസ്കരിക്കാം. നിർമാണപ്രവൃത്തികൾ പൂർത്തിയാക്കി നവംബർ മാസം ഉദ്ഘാടനം ചെയ്യുന്നതിനുള്ള തയാറെടുപ്പിലാണ് അധികൃതർ.

## മെഡിക്കൽ കോളജ് ആശുപത്രിയിലെ മലിനജല സംസ്കരണ പ്ലാന്റ് നവീകരണം അവസാന ഘട്ടത്തിൽ

**ഗാന്ധിനഗർ:** കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെ മലിനജല സംസ്കരണ പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ. ഒരു കോടിയോളം രൂപ ചെലവിട്ടാണ് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത്. കഴിഞ്ഞ ജൂലൈയിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലെ (ഡിഎൽഎസ്എ) പാരാ ലീഗൽ വൊളന്റിയർമാരായ എം.കെ അബ്ദുൽ ലത്തീഫ്, ടി.യു.സുരേന്ദ്രൻ കെ.സി.വർഗീസ് ആർ.സുരേഷ് കുമാർ എന്നിവർ ചേർന്ന് അതോറിറ്റി സെക്രട്ടറി മുൻപാകെ ഫയൽ ചെയ്ത പരാതിയെ തുടർന്നാണ് നവീകരണം ആരംഭിച്ചത്.

ഇതേസമയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പുതിയ ബ്ലോക്കുകൾ വരുന്നതിനാൽ മുഴുവൻ മലിനജലവും ഈ പ്ലാന്റിൽ സംസ്കരിക്കാൻ സാധിക്കുന്നില്ലെന്ന് ആശുപത്രി സൂപ്രണ്ട് ടി.കെ.ജയകുമാർ അറിയിച്ചു. മലിനജല സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി വിളിച്ചു ചേർത്ത ഹിയറിങ്ങിലാണ് ആശുപത്രി സൂപ്രണ്ട് ഇക്കാര്യം അറിയിച്ചത്. പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമിക്കുന്നതിനായി ജല അതോറിറ്റി സമർപ്പിച്ച ഡിപിആർ സർക്കാരിന്റെ പരിഗണനയിലാണ്. മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും ആശുപത്രി വളപ്പിലെ മറ്റുള്ള സ്ഥാപനങ്ങളിലേക്കും കൂടി ദിവസേന 27.7 ലക്ഷം ലീറ്റർ ജലമാണ് ജല അതോറിറ്റി നൽകുന്നത്.

എന്നാൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉപയോഗത്തിനു ശേഷം തിരിച്ചെത്തുന്ന മലിനജലത്തിന്റെ അളവ് 16 ലക്ഷം മുതൽ 20 ലക്ഷം ലീറ്റർ വരെയാണ്. 20 % ജലം ഉപയോഗത്തിൽ നഷ്ടപ്പെടുന്നത് സ്വാഭാവികമാണെന്ന് ആശുപത്രി സൂപ്രണ്ട് ഡിഎൽഎസ്എ സെക്രട്ടറി സബ് ജഡ്ജി രാജശ്രീ രാജഗോപാൽ മുൻപാകെ വിശദീകരിച്ചു. കഴിഞ്ഞ 2 മാസമായി ട്രീറ്റ് ചെയ്ത വെള്ളം എറണാകുളത്തുള്ള മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണത്തിലുള്ള ലാബിൽ ടെസ്റ്റ് ചെയ്തപ്പോൾ ബോർഡിന്റെ എല്ലാ ഗുണനിലവാരവും പാലിക്കുന്നുണ്ടെന്ന് ഐആർടിസി പ്രതിനിധി പറഞ്ഞു.

ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ, ജല അതോറിറ്റി അസിസ്റ്റന്റ് എൻജിനീയർ, ആർപ്പൂക്കര, അതിരമ്പുഴ ഗ്രാമപ്പഞ്ചായത്തുകളുടെയും കോട്ടയം നഗരസഭയുടെയും സെക്രട്ടറിമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ മേധാവി എന്നിവർ നേരിട്ട് ഹാജരാകുന്നതിനു നോട്ടിസ് അയയ്ക്കാൻ ഡിഎൽഎസ്എ സെക്രട്ടറി ഉത്തരവിട്ടു. ഹിയറിങ്ങിൽ മെഡിക്കൽ കോളജിനെ പ്രതിനിധീകരിച്ച് ആശുപത്രി സൂപ്രണ്ട് ഡോ. ടി.കെ ജയകുമാർ, ഡോ. സരിത ഷേണായി എന്നിവരുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം, മലിനീകരണ നിയന്ത്രണ ബോർഡ് അസിസ്റ്റന്റ് എൻജിനീയർ റോഷിൻ റോയ്, ഡിഎൽഎസ്എ പിഎൽവിമാരായ ടി.യു.സുരേന്ദ്രൻ, കെ.സി.വർഗീസ്, ആർ.സുരേഷ് കുമാർ, ഐആർടിസി മെഡിക്കൽ കോളജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇൻ ചാർജ് എന്നിവർ പങ്കെടുത്തു. അടുത്ത ഹിയറിങ് ഒക്ടോബർ 18ന് നടക്കും.

# ഗർഭധാരണത്തിന് തയ്യാറെടുക്കുകയാണോ? ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം



വിശേഷം ആയില്ലേ?വിവാഹം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ തന്നെ ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ഈ ചോദ്യം കേൾക്കാത്തവർ വളരെ കുറവായിരിക്കും. ഇതോർത്തായിരിക്കും പലരും എത്രയും വേഗം കുട്ടികൾ വേണം എന്ന് തീരുമാനമെടുത്തിരുന്നത്.25നും 30നും ഇടയിലുള്ള പ്രായമാണ് ഗർഭധാരണത്തിന് ഏറ്റവും അനുയോജ്യമെന്നാണ് കരുതുന്നത്. അതേസമയം കാലം മാറിയതോടെ ഇക്കാര്യത്തിലും വലിയ മാറ്റം വന്നിട്ടുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും സ്ഥിരത നേടിയ ശേഷം മതി കുട്ടികൾ എന്ന് ചിന്തിക്കുന്നവരാണ് യുവ ദമ്പതികളിൽ വലിയൊരു വിഭാഗവും. 30 വയസ്സിന് ശേഷമുള്ള ഗർഭധാരണം പ്രത്യേകിച്ച് പ്രശ്നമൊന്നും ഉണ്ടാകുന്നില്ലെങ്കിലും ഇത്തരം സാഹചര്യങ്ങളിൽ കുറച്ചുകൂടി ശ്രദ്ധ കൊടുക്കേണ്ടത് അത്യാവശ്യമാണ്.



**ഡോ. ആമിന ബീവി**
സീനിയർ സ്പെഷ്യലിസ്റ്റ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ആസ്റ്റർ മിംസ്, കോഴിക്കോട്

**സുരക്ഷിതമായ ഗർഭധാരണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ആരോഗ്യത്തിന് പ്രാധാന്യം നൽകാം: ഗർഭധാരണത്തിന് തയ്യാറെടുക്കുന്ന സ്ത്രീകൾ ഏറ്റവും പ്രാധാന്യം നൽകേണ്ടത് അവരുടെ ആരോഗ്യത്തിനാണ്. ആർത്തവ ചക്രം ശ്രദ്ധിച്ച് കൊണ്ട് ആരംഭിക്കാം. ആർത്തവം ക്രമമാണെന്നും അസഹ്യമായ വേദന, അമിത രക്തസ്രാവം തുടങ്ങിയ ബുദ്ധിമുട്ടുകളിൽ നിന്ന് മുക്തമാണെന്നും ഉറപ്പാക്കുക.ശരീരഭാരവും ബിഎംഐയും: ഗർഭധാരണത്തിന് തയ്യാറെടുക്കുമ്പോൾ വളരെ പ്രധാനപ്പെട്ട കാര്യമാണ് ആരോഗ്യകരമായ ശരീര ഭാരം നിലനിർത്തുക എന്നത്. ഇതിനായി ബോഡി മാസ് ഇന്റക്സ് (ബി.എം.ഐ) പരിശോധിക്കാം. ഉയരത്തിന്റെയും ഭാരത്തിന്റെയും അനുപാതം അടിസ്ഥാനപ്പെടുത്തിയാണ് ബി.എം.ഐ കണക്കാക്കുന്നത്. 18 നും 23 നും ഇടയിലുള്ള ബി.എം.ഐ ആണ് ഏറ്റവും അനുയോജ്യമായി കണക്കാക്കപ്പെടുന്നത്. 30ന് മുകളിലാണെങ്കിൽ ഭാരം കുറച്ച ശേഷം ഗർഭധാരണത്തിന് ശ്രമിക്കുന്നതാണ് നല്ലത്. കാരണം പൊണ്ണത്തടി ഗർഭധാരണത്തെ കൂടുതൽ വെല്ലുവിളിയാക്കും.

**മരുന്ന്:** ഗർഭ ധാരണത്തിന് തയ്യാറെടുക്കുന്ന സ്ത്രീകൾ ഹൃദ്രോഗം ഉൾപ്പടെയുള്ള രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവരാണെങ്കിൽ ഇക്കാര്യം ഡോക്ടറെ അറിയിക്കേണ്ടതുണ്ട്. ഈ മരുന്നുകളുടെ പാർശ്വഫലം ഗർഭധാരണത്തെ ബാധിക്കുമോ എന്ന് ഉറപ്പുവരുത്തുക. ഏത് രോഗങ്ങൾക്കായാലും സ്വയം ചികിത്സ കഴിവതും ഒഴിവാക്കുക.

**ഭക്ഷണക്രമം:** നമ്മൾ കഴിക്കുന്ന ഭക്ഷണം ആരോഗ്യകരമായ ഗർഭധാരണത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഗർഭധാരണത്തിന് സഹായിക്കുന്നതും ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതുമായ സമീകൃതാഹാരങ്ങൾ പതിവാക്കുക. ഫാസ്റ്റ് ഫുഡ്, ചോക്ലേറ്റ്, ഐസ്ക്രീം, ബേക്കറി സാധനങ്ങൾ തുടങ്ങിയ ഉയർന്ന കലോറി ഉള്ള ഭക്ഷണങ്ങൾ ഒഴിവാക്കുക. ഇത്തരം ഭക്ഷണ പദാർഥങ്ങൾ പി.സി.ഒ.ഡി (പോളിസിസ്റ്റിക് ഓവറി സിൻഡ്രോം), പ്രമേഹം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്കും ഇടയാക്കും. ഇതിന് പകരമായി കുറഞ്ഞ അളവിൽ കാർബോ ഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങളും ധാരാളമായി പച്ചക്കറികളും പഴവർഗങ്ങളും ഉൾപ്പെടുത്തുക. ശരീരത്തിന് ആവശ്യമുള്ള നല്ല കൊഴുപ്പ്, നന്നായി പ്രോട്ടീൻ ലഭിക്കുന്ന ഭക്ഷണങ്ങൾ എന്നിവയും ഭക്ഷണക്രമത്തിൽ ചേർക്കുക.കൂടുതൽ പോഷകങ്ങൾ ഉറപ്പു വരുത്താം:

ജനിക്കുന്ന കുഞ്ഞിന്റെ ആരോഗ്യത്തിന് ഏറെ അത്യാവശ്യമാണ് ഗർഭാവസ്ഥയിൽ മാതാവിൽ നിന്ന് ലഭിക്കുന്ന പോഷകങ്ങൾ. ഗർഭാവസ്ഥയിൽ കൂടുതൽ പോഷകഗുണങ്ങൾ ലഭിക്കുന്നതിന് പഴങ്ങൾ, പച്ചക്കറികൾ, പരിപ്പ് എന്നിവയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നത് നല്ലതാണ്.ഗർഭകാലത്തിൽ നാല് മുതൽ ഏഴ് മാസം വരെയുള്ള കാലഘട്ടത്തിൽ 200 കലോറി അധികമായി ചേർക്കുന്നത് ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തിന് നല്ലതാണ്. എട്ട്, ഒൻപത് മാസങ്ങളിൽ 400 കലോറി കൂടി അധികമായി ലഭിക്കുന്ന തരത്തിൽ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തുന്നത് നല്ലതാണ്.

കഠിനാധ്വാനം ഉള്ള ശാരീരിക പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്താം : ഗർഭകാലത്ത് ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ആദ്യ മൂന്ന് മാസത്തിൽ നടത്തം പോലുള്ള ലഘുവായ വ്യായാമങ്ങൾ ചെയ്യുന്നത് ഏറെ ഗുണം ചെയ്യും. കുഞ്ഞിന്റെയും അമ്മയുടെയും ആരോഗ്യത്തിനായി ഫോളിക് ആസിഡ് ഗുളികകൾ കഴിക്കുന്നത് അഭികാമ്യമാണ്.നാല് മുതൽ ഏഴ് വരെയുള്ള മാസങ്ങളിൽ സ്ട്രെച്ചിംഗ് വ്യായാമങ്ങൾ ചെയ്യുന്നത് നല്ലതാണ്. അതേസമയം കഠിനാധ്വാനം വേണ്ടതും ഭാരം ചുമക്കേണ്ടതുമായ വേണ്ട പ്രവർത്തനങ്ങൾ ഒഴിവാക്കണം. അവസാന മാസങ്ങളിൽ ശരീരത്തിന് ആയാസരഹിതമായ കിടന്നു കൊണ്ടുള്ള വ്യായാമങ്ങൾ വേണം തിരഞ്ഞെടുക്കാൻ. നാലാം മാസം മുതൽ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഇരുമ്പ്, കാൽസ്യം എന്നിവ അടങ്ങിയ ഗുളികകൾ കഴിക്കുന്നതും നല്ലതാണ്.

**ഗർഭം അലസാതെ ശ്രദ്ധിക്കാം:**

ഗർഭധാരണത്തിന്റെ ആദ്യ മൂന്ന് മാസങ്ങളിൽ ഗർഭം അലസാനുള്ള സാധ്യത കൂടുതലാണ്. ഏറ്റവുമധികം ജാഗ്രത പാലിക്കേണ്ട സമയമാണിത്. സങ്കീർണതകളോ മറ്റ് ബുദ്ധിമുട്ടുകളോ ഇല്ലെങ്കിൽ നടത്തം ഉൾപ്പെടെയുള്ള ലഘു വ്യായാമങ്ങൾ തുടരാവുന്നതാണ്. ഇക്കാലയളവിൽ ദീർഘദൂര യാത്രകൾ പരമാവധി ഒഴിവാക്കുന്നതാണ് നല്ലത്. പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങളിൽ.

**പ്രസവവ ശേഷവും ശ്രദ്ധിക്കാം**

അമിത ഭക്ഷണവും ഉറക്കവും ഒഴിവാക്കുക : പ്രസവ ശേഷം അമിതമായി ഭക്ഷണം കഴിക്കുന്നതും ഉറങ്ങുന്നതുമായ ശീലങ്ങൾ ഒഴിവാക്കേണ്ടതാണ്. ഗർഭധാരണത്തിനു ശേഷവും വ്യായാമം തുടരുന്നത് പ്രസവവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകൾ പെട്ടെന്ന് മാറാൻ സഹായിക്കും.

**മുലയൂട്ടൽ പതിവാക്കുക**

കുഞ്ഞിന് രണ്ട് വർഷം വരെ മുലയൂട്ടണമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കുഞ്ഞിന്റെയും അമ്മയുടെയും ആരോഗ്യത്തിന് ഏറെ അത്യന്താപേക്ഷിതമായ കാര്യമാണ് മുലയൂട്ടൽ. അതേസമയം ജോലിത്തിരക്കും മറ്റ് ബുദ്ധിമുട്ടുകളും മൂലം മുലയൂട്ടാൻ മടിക്കുന്ന അമ്മമാരുടെ എണ്ണം കൂടി വരുന്നുണ്ട്. ഇക്കാര്യത്തിൽ യാതൊരു ഉപേക്ഷയും വരുത്തരുത്.

**പോഷകാഹാരം ശീലമാക്കുക**

മുലയൂട്ടൽ കാലത്ത് അമ്മക്കും കുഞ്ഞിനും മതിയായ പോഷകങ്ങൾ ലഭിക്കുന്ന തരത്തിൽ ഭക്ഷണം ക്രമീകരിക്കണം. മുലയൂട്ടുമ്പോൾ 500 മുതൽ 700 കലോറി വരെ ചിലവഴിക്കേണ്ടി വരുന്നുണ്ട്. ഇത് പരിഹരിക്കാൻ കഴിയുന്ന രീതിയിലുള്ള ഭക്ഷണക്രമമാണ് വേണ്ടത്. പ്രോട്ടീന്റെ അളവ് കൂടുതലുള്ള ഭക്ഷണം കഴിക്കുന്നത് മാതാവിന്റെ ആരോഗ്യത്തിന് നല്ലതാണ്. ഡോക്ടറുടെ നിർദ്ദേശപ്രകാരം കാൽസ്യം, അയൺ തുടങ്ങിയവ ഉപയോഗിക്കാം. വെള്ളം നന്നായി കുടിക്കണം. അതേസമയം മാതാവ് കൂടുതലായി പശുവിൻ പാൽ കുടിക്കുന്നത് മുലപ്പാൽ വർദ്ധിക്കാൻ കാരണമാകും എന്നത് തെറ്റിദ്ധാരണയാണ്. ഉലുവ, വെളുത്തുള്ളി, സൂചി ഗോതമ്പ്, ഓട്സ്, ചെറുപയർ മുളപ്പിച്ചത് തുടങ്ങിയവയും ധാരാളമായി ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ആത്യന്തികമായി കുട്ടികൾ എപ്പോൾ വേണമെന്ന കാര്യത്തിൽ തീരുമാനിക്കേണ്ടത് ദമ്പതികളാണ്. ശാരീരികമായും സാമൂഹ്യമായും മാനസികമായും പാകപ്പെട്ടതിന് ശേഷം മാത്രം ഇതുമായി മുന്നോട്ട് പോകുന്നതാണ് ഏറ്റവും നല്ലത്.

# പത്താം ഉൽസവത്തിൽ പക വീട്ടി ബ്ലാസ്റ്റേഴ്സ് ; രണ്ടടിയിൽ ആദ്യ ജയം

**കലൂർ രാജ്യാന്തര സേറ്റഡിയത്തിൽ നടന്ന ഐ. എസ്. എൽ പത്താം സീസണിലെ ഉദ്ഘാടന മൽസരത്തിൽ ഒന്നിനെതിര രണ്ടു ഗോളുകൾക്കാണ് ചിരവൈരികളായ ബംഗളുരു എഫ് സി യെ കേരള ബ്ലാസ്റ്റേഴ്സ് പരാജയപ്പെടുത്തിയത്**




**കൊച്ചി:** ഐഎസ്എൽ പത്താം ഉൽസവത്തിൽ മഞ്ഞക്കോട്ടയിൽ ആദ്യ വിജയത്തിന്റെ തിടമ്പേറ്റി കേരളത്തിന്റെ കൊമ്പന്മാർ . കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നടന്ന ഐ.എസ്.എൽ പത്താം സീസണിലെ ഉദ്ഘാടന മൽസരത്തിൽ ഒന്നിനെതിര രണ്ടു ഗോളുകൾക്കാണ് ചിരവൈരികളായ ബംഗളുരു എഫ് സി യെ കേരള ബ്ലാസ്റ്റേഴ്സ് പരാജയത്തിന്റെ കൈയ്പു നീർ കുടിപ്പിച്ചത്. മാർച്ച് 3ന് 9ാം സീസണിലെ പ്ലേഓഫ് മത്സരത്തിൽ വിവാദമായി മാറിയ ഗോളിലുടെ തങ്ങളെ വീഴ്ത്തിയ ബംഗളൂരിനുള്ള തകർപ്പൻ മറുപടിയായി ബ്ലാസ്റ്റേഴ്സിന്റെ വിജയം.മൂന്നു ഗോളും പിറന്ന ത് രണ്ടാം പകുതിയിലായിരുന്നു.

വിരസമായ ആദ്യ പകുതിക്ക് ശേഷം 51ാം മിനിറ്റിൽ ബംഗളുരുവിന്റെവീൻഡോർപ്പിന്റെ സെൽഫ് ഗോളിൽ കേരള ബ്ലാസ്റ്റേഴ്സ് മുന്നിലെത്തി. 68ാം മിനിറ്റിൽ ഗോൾ കീപ്പർ ഗുർപ്രീത് സിംങിന്റെ പിഴവ് മുതലെടുത്ത നായകൻ അഡ്രിയാൻ ലൂണ മാജിക്കിൽ രണ്ടാമതും ബംഗളുരുവിന്റെ വലകുലുക്കി. 89ാം മിനിറ്റിൽ പകരതാരം കുർട്ടിസ് മെയിനിലൂടെയായിരുന്നു ബംഗളുരിന്റെ ആശ്വാസ ഗോൾ. ബ്ലാസ്റ്റേഴ്സിന്റെ 442 ശൈലിക്കെതിരെ 53 2 എന്ന പ്രതിരോധാത്മക ശൈലിയിലാണ് ബംഗളൂരു എഫ്സി മൈതാനത്തിറങ്ങിയത്. കനത്ത മഴയത്ത് തുടങ്ങിയ മത്സരത്തിൽ ബ്ലാസ്റ്റേഴ്സാസാണ് പന്ത് തട്ടി തുടങ്ങിയത്. തുടക്കത്തിൽ തന്നെ ബ്ലാസ്റ്റേഴ്സ് ബംഗളൂരുവിനെ സമ്മർദത്തിലാക്കി. ആദ്യ മിനിറ്റുകളിൽ തന്നെ പലതവണ ബെംഗളൂരു ബോക്സിൽ പന്തെത്തി. മഴയിൽ കളി വേഗവും കുറഞ്ഞു.ഇടയ്ക്കിടെ ഇരു ടീമുകളും മികച്ച മുന്നേറ്റം നടത്തിയെങ്കിലും ഗോൾ മാത്രം അകന്നു നിന്നു. 40ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ഗോളിനടുത്തെത്തിയെങ്കിലും ലക്ഷ്യം കാണാൻ സാധിച്ചില്ല.ഗോളൊന്നുമില്ലാതെ ഇരു ടീമുകളും കളിയുടെ ആദ്യപകുതിക്ക് പിരിഞ്ഞു. രണ്ടാം പകുതിയുടെ തുടക്കത്തിൽ മഴ അൽപ്പം ശമിച്ചു. ഇതോടെ കളി അൽപം വേഗത്തിലായെങ്കിലും പിന്നാലെ വീണ്ടും മഴ എത്തി. മഴയെ അവഗണിച്ച് ഗോൾ എന്ന ലക്ഷ്യവുമായി ബ്ലാസ്സ്റ്റേഴ്സ് തുടർച്ചയായി ബംഗളൂരു ബോക്സിലേക്ക് ഇരച്ചുകയറി.ആദ്യ അഞ്ച് മിനിറ്റിനിടെ രണ്ട് അവസരങ്ങൾ ലഭിച്ചെങ്കിലും വലകുലുക്കാൻ ബ്ലാസ്റ്റേഴ്സ് താരങ്ങൾക്കായില്ല.

തൊട്ടുപിന്നാലെ പെപ്റയുടെ ഷോട്ട് ബംഗളൂരു ഗോളി ഗുർപ്രീത് സിങ് ക്രോസ് ബാറിന് മുകളിലൂടെ കുത്തി യകറ്റി.ഇതിൽ നിന്നും ലഭിച്ച കോർണർ കിക്കിൽ നിന്നും പതിനായിരങ്ങളെ ആവേശത്തിലാറാടിച്ച് ബ്ലാസ്റ്റേഴ്സ് ആദ്യ ഗോളടിച്ചു. ലൂണ എടുത്ത കിക്ക് ബോക്സിൽ പറന്നിറങ്ങിയത് ക്ലിയർ ചെയ്യാനുള്ള ശ്രമത്തിനിടെ ബംഗളുരു താരം കെസിയ വീൻഡോർഫിന്റെ കാലിൽത്തട്ടി സ്വന്തം വലയിൽ കയറുകയായിരുന്നു(10). ഇതോടെ ബ്ലാസ്റ്റേഴ്സ് ആരാധകർ ഇളകി മറിഞ്ഞു.തുടർന്ന് ഒപ്പമെത്താൻ ബംഗളുരു ലീഡുയർത്താൻ ബ്ലാസ്റ്റേഴ്സും പോരാട്ടം കടുപ്പിച്ചു. ഗോളി ഗുർപ്രീതിന്റെ പിഴവാണ് 68ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സിന്റെ രണ്ടാം ഗോളിന് വഴിയൊരുക്കിയത്. ഡാംജനോവിച്ച് നൽകിയ ബാക്ക് പാസ് അനായാസം തൊടുത്തുവിടാൻ ഗുർപ്രീത് ശ്രമിച്ചുവെങ്കിലും ദുർബലമായ ഷോട്ട് ബോക്സിന് മുന്നിൽ വട്ടമിട്ട് നിന്ന ലൂണ പിടിച്ചെടുത്ത് ബംഗളുരുവിന്റെ വലയിലേക്ക് അനായാസം അടിച്ചു കയറ്റുകയായിരുന്നു(20) രണ്ടാം ഗോളും വീണതോടെ ഗാലറിയിൽ ബ്ലാസ്റ്റേഴ്സ് ആരാധകർ ആനന്ദനൃത്തമാടുകയായിരുന്നു.രണ്ടു ഗോളിനു പിന്നിലായതോടെ നാണക്കേട് മറയ്ക്കാൻ ബംഗളുരു കിണഞ്ഞു പരിശ്രമിക്കന്ന കാഴ്ചയാണ് കണ്ടത്.ഇതിന് ഫലവും കണ്ടു. 89ാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ കുർട്ടിസ് മെയിനിലൂടെ ബംഗളുരു ആശ്വാസ ഗോൾ നേടി.

2022 ഡിസംബറിൽ കൊച്ചിയിൽ നടന്ന മത്സരത്തിൽ 32നായിരുന്നു ഇതിന് മുമ്പ് ബംഗളുരുവിനെതിരെ ബ്ലാസ്റ്റേഴ്സ് ജയം നേടിയത്. സീസണിലെ രണ്ടാം മത്സരത്തിൽ ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂർ എഫ്സിയെ നേരിടും. ഒക്ടോബർ ഒന്നിന് കൊച്ചിയിലാണ് മൽസരം.

# ചേറ്റുവ മത്സ്യബന്ധന ഹാർബർ: 15 കോടി രൂപയുടെ പദ്ധതി

**വാടാനപ്പള്ളി**: ചേറ്റുവ മത്സ്യബന്ധന ഹാർബർ നവീകരണത്തിന് 15 കോടിയുടെയും മുനക്കകടവ് മത്സ്യബന്ധന സെന്ററിന്റെ വികസനത്തിന് 11.06 കോടിയുടെയും നിർദേശം പരിഗണനയിൽ. കേന്ദ്രപദ്ധതിയായ പിഎംഎംഎസ്വൈയിലാണ് (പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന) ഇവയുടെ നിർമാണം നടക്കുന്നത്.



കേന്ദ്രം 60 ശതമാനവും സംസ്ഥാനം 40 ശതമാനവും ഫണ്ട് ചെലവഴിക്കുന്ന പദ്ധതിയാണിത്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഫിഷറീസ് മന്ത്രാലയത്തിന് കീഴിലെ നാഷനൽ ഫിഷിങ് ഡവലപ്മെന്റ് ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ (സാങ്കേതികം) പേരാത്തുരി നെഹ്റുവിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം ചേറ്റുവയിലും മുനക്കകടവിലും നിർദിഷ്ട സ്ഥലപരിശോധന നടത്തി. ചേറ്റുവ ഹാർബറിലെ വടക്ക് ഭാഗത്ത് 50 മീറ്റർ അധികമായി സ്ഥലത്താണ് ഹാർബർ നവീകരണം നടത്തുക. ഏകദേശം 80മീറ്റർ നീളത്തിൽ ചേറ്റുവ കായൽ ഭാഗവും ഉപയോഗപ്പെടുത്തും. വികസന പദ്ധതിയിൽ മത്സ്യലേല ഹാൾ, വാർഫ്, ഡ്രൈനേജ്, ക്ലീനിങ് ഏരിയ, ജലശുദ്ധീകരണ പ്ലാന്റ്, വാഹനങ്ങൾക്കായി റോഡ്, തെരുവ് വിളക്ക്, പാർക്കിങ് ഏരിയ എന്നിവയുണ്ടാകും. ലേല ഹാളുകൾക്ക് മുകളിൽ റൂഫിങ് നടത്തും.

സംഘത്തിൽ ഹാർബർ സൂപ്രണ്ടിങ് എൻജിനീയർ വിജി കെ. തട്ടാമ്പുറം, എക്സിക്യൂട്ടീവ് എൻജിനീയർ കെ.പി. ഗായ, അസി. എക്സിക്യൂട്ടീവ് എൻജിനീയർ സാലി വി. ജോർജ്, അസിസ്റ്റന്റ് എൻജിനീയർ ആൽവിൻ പി. ഗോപാൽ, ഫാബി മോൾ എന്നിവരുണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ഗീതു കണ്ണൻ, അംഗങ്ങളായ സതീഷ് പനക്കൽ, സുശീല സോമൻ, ഹർഷൻ കാക്കനാട്, രാജേഷ് ചിറ്റാംപുറത്ത് എന്നിവർ ഉദ്യോഗസ്ഥ സംഘത്തെ ഹാർബറിൽ സ്വീകരിച്ചു.

## മുൻഗണനാ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ ഒക്ടോബർ 10 മുതൽ സ്വീകരിക്കും: മന്ത്രി ജി. ആർ അനിൽ

**തിരുവനന്തപുരം:** മുൻഗണനാ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ ഒക്ടോബർ 10 മുതൽ 20 വരെ സ്വീകരിക്കുമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. മന്ത്രിയുടെ പ്രതിമാസ ഫോൺ ഇൻ പരിപാടിക്കിടെ ഉപഭോക്താക്കളെ അറിയിച്ചതാണ് ഇക്കാര്യം. മുൻഗണനാ കാർഡിനു വേണ്ടി നേരത്തേ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്ന് അർഹരായി കണ്ടെത്തിയ 11,348 പേർക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി മുൻഗണനാ കാർഡുകൾ അനുവദിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 90,493 പിഎച്ച്എച്ച് (പിങ്ക്) കാർഡുകളും, 2,96,455 എൻ.പി.എൻ.എസ് (വെള്ള) കാർഡുകളും 7306 എൻ.പി.ഐ (ബ്രൗൺ) കാർഡുകളും ഉൾപ്പെടെ ആകെ 3,94,254 പുതിയ കാർഡുകൾ വിതരണം ചെയ്തു. കൂടാതെ 3,51,745 പിഎച്ച്എച്ച് കാർഡുകളും 28,793 എഎവൈ (മഞ്ഞ) കാർഡുകളും ഉൾപ്പെടെ 3,22,952 മുൻഗണന കാർഡുകൾ തരം മാറ്റി നൽകിയതായും മന്ത്രി പറഞ്ഞു.

അനധികൃതമായി മുൻഗണന കാർഡ് കൈവശം ഉപയോഗിച്ചിരുന്നവരിൽ നിന്ന് 2021 മേയ് 21 മുതൽ ഈ വർഷം ഓഗസ്റ്റ് വരെ 44,609 റേഷൻ കാർഡുകൾ പിടിച്ചെടുത്തു. 5,21,48,697 രൂപ പിഴ ഈടാക്കുകയും ചെയ്തു. അനർഹർ കൈവശം വെച്ചിട്ടുള്ള മുൻഗണന കാർഡുകൾ കണ്ടെത്തുന്നതിന് ആരംഭിച്ച ഓപ്പറേഷൻ യെല്ലോ യുടെ ഭാഗമായി 4,19,19,486 രൂപ പിഴ ഈടാക്കുകയും ചെയ്തു.

ജൂലൈ മാസത്തിൽ നടന്ന ഫോൺ ഇൻ പരിപാടിയിൽ 24 പരാതികളാണ് ലഭിച്ചത്. 15പരാതികൾ മുൻഗണനാ കാർഡുമായി ബന്ധപ്പെട്ടുള്ളവ ആയിരുന്നു.

## ഹോട്ടലുകളിൽനിന്നും പാഴ്സൽ:

# പാക്കേജിംഗ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തും : കെ.എച്ച്.ആർ.എ

**കൊച്ചി:** കേരള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഫുഡ്പാക്കേജിംഗ് ഉൽപ്പന്നങ്ങളുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ബോധവൽക്കരണ സെമിനാർ ഭക്ഷ്യ സുരക്ഷാകമ്മീഷണർ വി.ആർ. വിനോദ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. പ്ലാസ്റ്റിക് കണ്ടെയ്നറുകളിലും മറ്റും വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ സുരക്ഷിതമല്ലായെന്നാണ് പഠനങ്ങളിൽനിന്നും മനസിലായതെന്നും, ആയതിനാൽ ഫുഡ്ഗ്രേഡ് കണ്ടെയ്നർ അടക്കമുള്ള മറ്റ് മാർഗങ്ങൾ ഹോട്ടലുകളടക്കമുള്ള വ്യാപാര സ്ഥാപനങ്ങൾ തേടണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഹോട്ടലുകളിൽനിന്നും ഭക്ഷണം പാഴ്സൽ നൽകുമ്പോൾ പാക്കിംഗിന് ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുമെന്നും, പ്ലാസ്റ്റിക്കിന് പകരം മറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ അംഗങ്ങൾക്ക് നിർദ്ദേശം നൽകുമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാൽ അറിയിച്ചു. ഫുഡ്ഗ്രേഡ് കണ്ടെയ്നർ പോലുള്ള പാക്കേജിംഗ് ഉൽപ്പന്നങ്ങൾക്ക് സാമ്പത്തിക ചെലവ് ഏറെയായതിനാൽ പാഴ്സൽ വാങ്ങുന്നതിനായി ഉപഭോക്താക്കൾ പാത്രം കൊണ്ടുവരികയാണെങ്കിൽ 5 ശതമാനം മുതൽ 10 ശതമാനം വരെ പ്രത്യേക ഡിസ്കൗണ്ട് നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും, പാഴ്സൽ നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ ഹോട്ടൽ/റസ്റ്റോറന്റുകൾക്കുമായി പ്ലാസ്റ്റിക് ഒഴിവാക്കി ഏകീകൃത പാത്രങ്ങൾ/കണ്ടെയ്നറുകൾ ഉൽപാദകരുമായി സഹകരിച്ച് നിർമ്മിക്കുന്നതുമാണെന്നും അദ്ദേഹം അറിയിച്ചു. ഉപഭോക്താവ് ഈ പാത്രം ഒരു ഹോട്ടലിൽനിന്നും വാങ്ങി സംസ്ഥാനത്തെ മറ്റേതൊരു ഹോട്ടലിൽ തിരികെ നൽകിയാലും പാത്രം വാങ്ങിയ തുക ആ ഹോട്ടലിൽനിന്നും നൽകുന്ന പദ്ധതി കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ആവിഷ്കരിക്കും. ഈ പദ്ധതിയുമായി കേരള ഭക്ഷ്യ സുരക്ഷാ വകുപ്പ് സഹകരിക്കുന്നതാണെന്നും അതിനുവേണ്ടുന്ന പിന്തുണ നൽകുന്നതാണെന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉറപ്പു നൽകി. ബോധവൽക്കരണ സെമിനാറിൽ ഭക്ഷ്യസുരക്ഷ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഡപ്യൂട്ടി കമ്മീഷണർ രഘു, കെ.എച്ച്.ആർ.എ. സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ, എറണാകുളം ജില്ലാ പ്രസിഡന്റ് ടി.ജെ. മനോഹരൻ, ജില്ലാസെക്രട്ടറി കെ.ടി. റഹിം മറ്റ് ഇതര വ്യാപാര സംഘടനാ പ്രതിനിധികളും സംബന്ധിച്ചു.

# കൊച്ചി ലുലുവിൽ ഭീമൻ കേക്ക് മിക്സിങ്ങ്




**കൊച്ചി :** ക്രിസ്തുമസ് പുതുവർഷ ആഘോഷങ്ങൾക്ക് രുചികൂട്ടുകളുടെ പുത്തൻ അനുഭവം സമ്മാനിക്കാനായി ലുലുവിൽ ഭീമൻ കേക്ക് മിക്സിങ്ങ് നടന്നു. 21 ചേരുവകൾ ഉപയോഗിച്ച്, 24 തരം വ്യത്യസ്ഥങ്ങളായ കേക്കിനുള്ള മിക്സിങ്ങാണ് നടന്നത്. ലുലു മാളിലൊരുക്കിയ വിപുലമായ കേക്ക് മിക്സിങ്ങ് വേദിയിൽ, 21 തരം ചേരുവകൾ ചേർത്ത് നടൻ ടിനി ടോം കേക്ക് മിക്സിങ്ങിന് തുടക്കം കുറിച്ചു. മാളിലെ ജീവനക്കാരും ഉപഭോക്താക്കളും കേക്ക് മിക്സിങ്ങിൽ ഭാഗമായി. 4000 കിലോയുടെ കേക്ക് മിക്സിങ്ങാണ് നടന്നത്. ഇതിൽ നിന്ന് 40,000 കേക്കുകളുാക്കാനാകും. പൂർണമായും നോൺ ആൽക്കഹോളിക് കേക്കുകളാണിവ.60 മുതൽ 75 ദിവസം വരെ വലിയ ജാറുകളിൽ ഈ കേക്ക് മിക്സ് സൂക്ഷിക്കും. വ്യത്യസ്ഥമായ രുചിഭേദങ്ങളിലാണ് തുടർന്ന് കേക്കുകളുാക്കുക. ഡിസംബർ ഒന്ന് മുതൽ കേക്കുകൾ ലുലു ഹൈപ്പർമാർക്കറ്റിൽ ലഭ്യമാകും.കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, ലുലു മാൾ ജനറൽ മാനേജർ ഹരി സുഹാസ്, ഹൈപ്പർമാർക്കറ്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ജോ പൈനേടത്ത് തുടങ്ങിയവരും കേക്ക് മിക്സിങ്ങ് സെറിമണിയിൽ ഭാഗമായി.

# സർക്കാരിനൊപ്പം പൊതുസമൂഹവും വികസനത്തിന്റെ ഭാഗമാകണം

**കൊച്ചി:** സർക്കാരിനൊപ്പം പൊതുസമൂഹവും വികസനത്തിന്റെ ഭാഗമാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. നോർത്ത് ഇടപ്പള്ളി ഗവ. വി.എച്ച്.എസ് സ്കൂളിൽ നടന്ന ഗുഡ് മോണിംഗ് എറണാകുളം പ്രഭാത ഭക്ഷണ പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.38 സ്കൂളുകളിലായി 8808 കുട്ടികൾക്കാണ് ഗുഡ് മോണിംഗ് എറണാകുളം പദ്ധതി പ്രകാരം പ്രഭാത ഭക്ഷണം ലഭിക്കുന്നത്. ചില സംഘടനകളുടെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഇത്തരം പദ്ധതികൾ അഭിനന്ദാർഹമാണെന്നും എറണാകുളം അസംബ്ലി മണ്ഡലത്തിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത്തിനായി ഫണ്ട് അനുവദിച്ച ബി.പി.സി.എല്ലിനും ജിയോജിത്തിനും സ്പീക്കർ നന്ദി അറിയിച്ചു.വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. പൊതു വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളാണ് സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നത്. സ്കൂളുകളുടെ നവീകരണത്തിനായി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിക്കുന്നുണ്ട്. സർക്കാർ സ്കൂളുകൾ മാത്രമല്ല എയ്ഡഡ് സ്ഥാപനങ്ങളും കൂടി ഉൾപ്പെടുന്നതാണ് പൊതു വിദ്യാഭ്യാസ മേഖല. എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനാണ് ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിരിക്കുന്നത്.കേരളത്തിലെ ഓരോ എംഎൽഎമാരും അവരുടെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എറണാകുളത്തെ ടി.ജെ വിനോദ് എംഎൽഎയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. വിശന്നു വലഞ്ഞിരിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നത് ശരിയായ രീതിയല്ല. ഭക്ഷണം കഴിച്ചാൽ മാത്രമേ പഠനം അർത്ഥവത്താകുകയുള്ളൂ. നമുക്ക് നിലനിൽക്കാൻ ഭക്ഷണം ആവശ്യമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ലോകത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. അധ്യാപകർ ഇനി എത്രകാലം കൂടി ഉണ്ടാകുമെന്ന് പറയാനാകില്ല. പക്ഷേ ചാറ്റ് ജിടിപിയെ പൂർണമായും വിശ്വസിക്കരുത്. അതിനും തെറ്റ് സംഭവിക്കാമെന്നും അദ്ദേഹം പറഞ്ഞു.വിദ്യാഭ്യാസ മേഖലയിൽ നല്ല ഇടപെടലുകൾ നടത്തണം. കുട്ടികളുടെ പഠനരീതി മാതാപിതാക്കൾ നിരന്തരം നിരീക്ഷിക്കണം. അധ്യാപകർ വിദ്യാർത്ഥികളെ നന്നായി ശ്രദ്ധിച്ചു ബഹുമുഖ പ്രതിഭകളാക്കി വളർത്തണം. ഏതെങ്കിലും വിഷയത്തിൽ ന്യൂനതകൾ ഉണ്ടെങ്കിൽ മാതാപിതാക്കളെ അറിയിക്കണമെന്നും സ്പീക്കർ പറഞ്ഞു.വിദ്യാലയങ്ങളിൽ ലഹരി ഉപയോഗം ഉണ്ട്. അധ്യാപകർക്ക് കുട്ടികളെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകണം. പൊതുവിദ്യാഭ്യാസം മികച്ച രീതിയിൽ മുന്നോട്ടു വരികയാണ്. പുതിയ തലമുറയെ നല്ലതുപോലെ പരിശീലിപ്പിച്ചു വളർത്തണം. നമുക്ക് ഇനിയും ബഹുദൂരം മുന്നോട്ടുപോകാനുണ്ട്. നാടിന്റെ വികസനത്തിനായി കക്ഷി രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഒരുമിച്ച് നിന്ന് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.എറണാകുളം നിയോജകമണ്ഡലത്തിൽ ഒരു വിദ്യാർത്ഥി പോലും വിശന്ന് സ്കൂളിൽ ഇരിക്കരുത്. 'കരുതലായി എറണാകുളം' പദ്ധതിയുടെ ഭാഗമായാണ് പ്രഭാതഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതെന്ന് ടി.ജെ വിനോദ് എംഎൽഎ പറഞ്ഞു. നല്ല ഭരണാധികാരികൾ ഉണ്ടെങ്കിലേ നാട് നന്നാവുകയുള്ളൂവെന്നും പള്ളികളേക്കാൾ കൂടുതൽ പള്ളിക്കൂടങ്ങളാണ് നമുക്ക് ഇന്ന് ആവശ്യമെന്നും നടൻ ടിനി ടോം പറഞ്ഞു. ഗുഡ് മോർണിംഗ് എറണാകുളം പദ്ധതി നേതൃത്വം നൽകുന്ന ടി.ജെ വിനോദ് എംഎൽഎക്ക് മേയർ എം അനിൽകുമാർ ആശംസകൾ അറിയിച്ചു.ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, കൗൺസിലർ അംബിക സുദർശൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഹണി ജി അലക്സാണ്ടർ, ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ അഭയ് രാജ് സിംഗ് ഭണ്ഡാരി, വി.എച്ച്.എസ്.സി വിഭാഗം പ്രിൻസിപ്പൽ എ.ആർ റോഷനി, എച്ച്.എസ്.എസ് വിഭാഗം പ്രിൻസിപ്പൽ സി.എൽ ലാലി, പിടിഎ പ്രസിഡന്റ് പി.എ മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.



# ദുബൈയിൽ ഓഫീസ് ആരംഭിച്ച് ഡോക്യോസ്മാർട്ട്

**കോഴിക്കോട:** കോഴിക്കോട് സർക്കാർ സൈബർപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനി ഡോക്യോസ്മാർട്ട് സേവനങ്ങൾ ദുബൈയിലേക്ക് വ്യാപിപ്പിച്ചു. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പ്രോഗ്രാമിന്റെ ഭാഗമായി തുടങ്ങിയ ഓഫീസിൽ ഡോക്യോസ്മാർട്ടിന്റെ സേവനങ്ങളെല്ലാം ലഭ്യമാകും. ഉദ്ഘാടനത്തിന് ഐ.ബി.പി.സി ദുബൈ സെക്രട്ടറി ജനറലും സ്റ്റാർട്ടപ്പ് മിഡിൽ ഫൗറുമായ സിബി സുധാകരൻ, സി.ഐ.ടി ഇന്നൊവേഷൻ ലാബ്സ് സി.ഇ.ഒയും ഡീൻ ഓഫ് എന്റർപ്രേണർഷിപ്പ് പനീർ സെൽവനും ഡോക്യോസ്മാർട്ട് പ്രതിനിധികളും പങ്കെടുത്തു.



# അപ്ഡേറ്റർ സർവീസസ് ലിമിറ്റഡ് ഐപിഒ സെപ്തംബർ 25 മുതൽ

**കൊച്ചി:** അപ്ഡേറ്റർ സർവീസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) സെപ്തംബർ 25 മുതൽ 27 വരെ നടക്കും. 400 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 8,000,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 280 മുതൽ 300 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 50 യൂണിറ്റുകൾക്കും തുടർന്ന് 150ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് മാനേജർമാർ.



## ഹൃദയ ദിനം : ക്യാമ്പയിനുമായി ആൽമ് ബോർഡ് ഓഫ് കാലിഫോർണിയ



**കൊച്ചി:** സെപ്റ്റംബർ 29ന് ലോക ഹൃദയ ദിനം ബദാമിനൊപ്പം ആഘോഷിക്കാൻ ആഹ്വാനം ചെയ്ത് ആൽമ് ബോർഡ് ഓഫ് കാലിഫോർണിയ. ഹൃദയത്തെ ഉപയോഗിക്കുക, ഹൃദയത്തെ അറിയുക എന്നതാണ് ഈ വർഷത്തെ ലോക ഹൃദയ ദിനം മുന്നോട്ട് വയ്ക്കുന്ന വിഷയം. ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കുന്നതിനോടൊപ്പം ദിവസേന 42 ഗ്രാം ബദാമുകൾ കഴിക്കുന്നത് ഹൃദ്രോഗങ്ങൾ ഉാകുവാനുള്ള അപകട സാധ്യത കുറയ്ക്കുമെന്ന് ജേർണൽ ഓഫ് അമേരിക്കൻ ഹേർട്ട് അസോസിയേഷൻ പ്രസിദ്ധീകരിച്ച ഒരു പഠനം കത്തെിയിരുന്നു. ബദാമുകൾ കഴിക്കുന്നത് അരക്കെട്ടിന്റെ വിസ്തീർണവും അടിവയറിലെ കൊഴുപ്പും കുറയ്ക്കുമെന്നും കത്തിയിട്ടു. ഇവ രുമാണ് ഹൃദ്രോഗങ്ങൾക്ക് കാരണമാകുന്ന അപകട ഘടകങ്ങളിൽ പ്രധാനപ്പെട്ടവ. നിരവധി ഇന്ത്യൻ കുടുംബങ്ങളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളായി കാർഡിയോ വാസ്കുലാർ രോഗങ്ങൾ മാറുമ്പോൾ, ഭക്ഷണവും ജീവിതശൈലിയും ക്രമീകരിക്കുന്നത് ഹൃദ്രോഗവുമായി ബന്ധപ്പെട്ട അപകട ഘടകങ്ങൾ കുറയ്ക്കുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്നു. മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുവാനുള്ള ആദ്യത്തെ ചുവടുവയ്പ്പ് മെച്ചപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കുക എന്നതാണ്. ബദാമിൽ നിരവധി പോഷക ഘടകങ്ങൾ ഉള്ളതിനാൽ ആരോഗ്യകരമായ ലഘുഭക്ഷണമായി മാറി ഹൃദയാരോഗ്യത്തെ നിലനിർത്തുവാൻ അത് സഹായിക്കും. ബദാമുകൾ ഭക്ഷിക്കുന്നത് എൽഡിഎൽ കൊളസ്ട്രോൾ കുറയ്ക്കാനും എച്ച്ഡിഎൽ കൊളസ്ട്രോൾ നിർണായകമാം വിധം മെച്ചപ്പെടുത്താനും സഹായിക്കും.ഹൃദയത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കുന്ന ഭക്ഷണങ്ങൾക്കും ഞാൻ എപ്പോഴും പരിഗണന നൽകാറ്. വ്യായാമത്തിന് മുമ്പോ പിമ്പോ ആയുള്ള ലഘുഭക്ഷണം എന്ന നിലയിൽ ഒരു പിടി ബദാമുകൾ ഞാൻ എല്ലാ ദിവസവും കഴിക്കാറുന്ന് നടി സോഹ അലി ഖാൻ പറഞ്ഞു. എളുപ്പത്തിൽ കൈയ്യിൽ കൊു നടക്കാവുന്ന ബദാം വൈറ്റമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റിബോഫൽവിൻ, സിങ്ക് തുടങ്ങിയ അവശ്യ പോഷക ഘടകങ്ങൾ നൽകുന്നവയാണെന്നും അവർ പറഞ്ഞു.

## ആമസോൺ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചിട്ട് ആറ് വർഷം

**കൊച്ചി :** ആമസാൺ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചിട്ട് ആറ് വർഷം പൂർത്തിയായി. ആറാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ആമസോൺ പേ ലേറ്റർ വഴി ഇൻസ്റ്റന്റ് ക്രെഡിറ്റ് സൗകര്യം ആരംഭിച്ചതായി ആമസോൺ ബിസിനസ് ഡയറക്ടർ സുചിത് സുഭാസ് പറഞ്ഞു. എല്ലാ വിഭാഗത്തിലുമുള്ള ഉത്പന്നങ്ങൾക്കു പുറമെ ബിൽ പേയ്മെന്റുകൾ നടത്താനും ആമസോൺ പേ കോർപ്പറേറ്റ് ഗിഫ്റ്റ് കാർഡുകൾ വാങ്ങാനും യാത്ര, ഇൻഷുറൻസ് എന്നിവയ്ക്കും ഈ ക്രെഡിറ്റ് ഉപയോഗിക്കാൻ കഴിയും. ഉപയോഗിച്ച ക്രെഡിറ്റ് തുടർന്നുള്ള മാസത്തിൽ അധിക ഫീസുകളില്ലാതെ അല്ലെങ്കിൽ 12 മാസം വരെയുള്ള ഇഎംഐ ആയി തിരിച്ചടയ്ക്കാം. ഇതിനുപുറമെ വാർഷിക ഓഫറിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഡിസ്ക്കൗുകളും ക്യാഷ്ബാക്കും ലഭിക്കും.കഴിഞ്ഞ ആറ് വർഷമായി ഉപഭോക്താക്കളിൽ നിന്നും സെല്ലിംഗ് പാർട്ണർമാരിൽ നിന്നും മികച്ച പിന്തുണയാണ് ലഭിച്ചതെന്നും ഉപഭോക്താക്കൾക്ക് ക്രെഡിറ്റിനുള്ള ആക്സസ് നൽകുന്നതിനായി ആമസോൺ പേ ലേറ്റർ അവതരിപ്പിക്കുന്നതിൽ സന്തോഷമുന്നെും സുചിത് സുഭാസ് പറഞ്ഞു.കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ആമസോണിൽ ഉപഭോക്താക്കളിൽ 150 ശതമാനം വർദ്ധനവും വിൽപ്പനയിൽ 145 ശതമാനം വർദ്ധനവുമുായി. 65 ശതമാനം ഉപഭോക്താക്കളും ചെറിയ നഗരങ്ങളിൽ നിന്നുള്ളവരാണ്. 60 ശതമാനം സെല്ലർമാരും ടിയർ ര്, മൂന്ന് നഗരങ്ങളിൽ നിന്നുള്ളവരാണ്.

# ഹോണ്ട ഹോർനെറ്റ് 2.0, ഡിയോ 125 റെപ്സോൾ പുറത്തിറക്കി





**കൊച്ചി:** പ്രഥമ ഭാരത് മോട്ടോജിപിയുടെ പശ്ചാത്തലത്തിൽ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഹോണ്ട ഹോർനെറ്റ് 2.0, ഡിയോ 125 എന്നിവയുടെ 2023 റെപ്സോൾ പതിപ്പുകൾ പുറത്തിറക്കി. രാജ്യത്തുടനീളമുള്ള എല്ലാ ഹോണ്ട റെഡ് വിങ് ഡീലർഷിപ്പുകളിലും പുതിയ ലിമിറ്റഡ് എഡിഷൻ റെപ്സോൾ മോഡലുകൾ ലഭ്യമാകുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും, പ്രസിഡന്റും, സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു.രണ്ട് മോഡലുകൾക്കും പ്രത്യേക 10 വർഷത്തെ വാറന്റി പാക്കേജും ഹോണ്ട വാഗ്ദാനം ചെയ്യുന്നു. ഹോണ്ട ഡിയോ 125 റെപ്സോൾ എഡിഷന് 92,300 രൂപയും, ഹോണ്ട ഹോർനെറ്റ് 2.0 റെപ്സോൾ എഡിഷന് 1,40,000 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില.റോസ് വൈറ്റ്, വൈബ്രന്റ് ഓറഞ്ച് നിറങ്ങളിലാണ് പുതിയ ഹോണ്ട ഡിയോ 125 റെപ്സോൾ എഡിഷൻ വരുന്നത്. എൽഇഡി ഹെഡ്ലാമ്പ്, ബ്ലാക്ക്ഡ്-ഔട്ട് ഡ്യുവൽ ടിപ്പ് മഫു, സ്പ്ലിറ്റ് ഗ്രാബ് റെയിലോടുകൂടിയ മോഡേൺ ടെയിൽ ലാമ്പ്, ഓറഞ്ച് അലോയ് വീലുകൾക്കൊപ്പം വേവ് ഡിസ്ക് ബ്രേക്ക്, ഹോണ്ടയുടെ സ്മാർട്ട് കീ, സമ്പൂർണ ഡിജിറ്റൽ ഇൻസ്ട്രുമെന്റ് കൺസോൾ, ഈക്വലൈസറോടുകൂടിയ കോമ്പിബ്രേക്ക് സിസ്റ്റം (സിബിഎസ്), ടെലിസ്കോപ്പിക് സസ്പെൻഷനോടുകൂടിയ 12 ഇഞ്ച് ഫ്രണ്ട് വീൽ, മൂന്ന് ഘട്ടങ്ങളിലായി ക്രമീകരിക്കാവുന്ന റിയർ സസ്പെൻഷൻ എന്നീ ഫീച്ചറുകളും പുതിയ എഡിഷനിലുണ്ട്. 123.92 സിസി, 4 സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്5 ഒബിഡി2 അനുസൃത പിജിഎം-എഫ്ഐ എഞ്ചിനാണ് ഡിയോ 125 റെപ്സോൾ എഡിഷന കരുത്ത് നൽകുന്നത്.റോസ് വൈറ്റ്, വൈബ്രന്റ് ഓറഞ്ച് എന്നീ നിറങ്ങളിലാണ് ഹോർനെറ്റ് 2.0 ലെപ്സോൾ എഡിഷനും എത്തുന്നത്. സമ്പൂർണ എൽഇഡി ലൈറ്റിംഗ് സിസ്റ്റം, സ്പ്ലിറ്റ് സീറ്റ്, കീ ഓൺ ടാങ്ക്, ഫുള്ളി ഡിജിറ്റൽ ലിക്വിഡ് ക്രിസ്റ്റൽ ഇൻസ്ട്രുമെന്റ്, അഞ്ച് ഘട്ടങ്ങളിലായി ഇഷ്ടാനുസൃതമാക്കാവുന്ന ബ്രൈറ്റ്നെസ്, പുതിയ അസിസ്റ്റ് സ്ലിപ്പർ ക്ലച്ച്, ഡ്യുവൽ പെറ്റൽ ഡിസ്ക് ബ്രേക്കുകൾ, മോണോ ഷോക്ക് റിയർ സസ്പെൻഷൻ എന്നിവയാണ് മറ്റു സവിശേഷതകൾ. ശക്തമായ 184.40സിസി, 4 സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2 അനുസൃത പിജിഎം-എഫ്ഐ എഞ്ചിനാണ് ഹോണ്ട ഹോർനെറ്റ് 2.0 റെപ്സോൾ എഡിഷന്.ആദ്യമായി മോട്ടോജിപി ഇന്ത്യയിൽ അരങ്ങേറുമ്പോൾ ഇന്ത്യൻ റേസിങ് ആരാധകർക്കിടയിൽ വളരെയധികം ആവേശമുണ്ടന്നെും ഈ ആവേശം വർധിപ്പിക്കാനാണ് ഞങ്ങൾ ഹോർനെറ്റ് 2.0, ഡിയോ 125 എന്നിവയുടെ 2023 റെപ്സോൾ പതിപ്പുകൾ പുറത്തിറക്കുന്നതെന്നും സുത്സുമു ഒട്ടാനി പറഞ്ഞു. ഈ ലിമിറ്റഡ് എഡിഷൻ പതിപ്പുകൾ പുറത്തിറക്കിയതിലൂടെ, ഇന്ത്യയിലെ മോട്ടോജിപി ആരാധകർക്കായി ഇന്ത്യൻ റോഡുകളിൽ ഹോണ്ടയുടെ റേസിങ് ഡിഎൻഎ രൂപാന്തരപ്പെടുത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

## എംഎസ്എംഇകൾക്ക് നിയോ ഫോർ ബിസിനസ് അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി**: ആക്സിസ് ബാങ്ക് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി പ്രത്യേകമായി തയ്യാറാക്കിയ ബാങ്കിംഗ് പ്ലാറ്റ്ഫോമായ നിയോ ഫോർ ബിസിനസ് പുറത്തിറക്കി. മൊബൈലിൽ ലഭ്യമാകുന്ന ഇത് പിസിയിലും ടാബ് ലെറ്റിലും പ്രയോജനപ്പെടുത്താം. ഡിഐവൈ സെൽഫ് ഓൺബോർഡിങ് വഴി സമ്പൂർണ ഡിജിറ്റൽ സംവിധാനങ്ങളാണ് ഇതിലൂടെ നൽകുകയെന്നും കാര്യക്ഷമവും വേഗതയേറിയതുമായ ബിസിനസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ പണം നൽകലും സ്വീകരിക്കലും ഇതു സാധ്യമാക്കുമെന്നും ആക്സിസ് ബാങ്ക് ട്രഷറി, മാർക്കറ്റ്സ്, ഹോൾസെയിൽ ബാങ്കിങ് പദ്ധതികളുടെ മേധാവിയും ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ നീരജ് ഗംഭീർ പറഞ്ഞു. എംഎസ്എംഇകളുടെ ബാങ്കിങ് ആവശ്യങ്ങൾക്കു പുറമെയുള്ള ആവശ്യങ്ങളും നിറവേറ്റാൻ ഈ സംവിധാനം സഹായിക്കും. എംഎസ്എംഇകളുടെ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സമഗ്രമായ ഡിജിറ്റൽ സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിട്ടുള്ളത്. ഡിജിറ്റൽ സെൽഫ് ഓൺ ബോർഡിംഗ്, ബൾക്ക് പെയ്മെൻറുകൾ, ജിഎസ്ടി മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഇൻവോയ്സിങ്, പെയ്മെൻറ് ഗേറ്റ് വേ സംയോജനം, ഉപഭോക്താക്കളുടെ വിവരങ്ങൾ അറിയാനുള്ള സൗകര്യം, ഓട്ടോ റീകൺസീലിയേഷൻ, റിക്കറിങ് കളക്ഷൻ, ക്യാഷ് ഫ്ളോ റിപോർട്ടുകൾ തുടങ്ങി നിരവധി സേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കും. ആക്സിസ് ബാങ്കിൻറെ നിലവിലുള്ള കറണ്ട് അക്കൗണ്ട് ഉപഭോക്താക്കൾക്ക് മൊബൈൽ ആപ്പ് ഡൗൺലോഡു ചെയ്തോ വെബ് അധിഷ്ഠിത ഡിജിറ്റൽ രജിസ്ട്രേഷൻ വഴിയോ ഇത് ഉപയോഗിക്കാം.സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലും ഡാറ്റാ വിശകലനത്തിലും ആക്സിസ് ബാങ്ക് തുടർച്ചയായ നിക്ഷേപങ്ങളാണ് നടത്തുന്നതെന്നും നീരജ് ഗംഭീർ പറഞ്ഞു.

## ജില്ലയിൽ റവന്യൂ റിക്കവറി പിരിവ് ഊർജിതമാക്കും

**കൊച്ചി:** ജില്ലയിലെ റവന്യൂ റിക്കവറി പിരിവ് ഊർജിതമാക്കണമെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർദേശിച്ചു. ഓഗസ്റ്റ് മാസത്തെ റവന്യൂ റിക്കവറി, ലാൻഡ് റവന്യൂ പിരിവ് പുരോഗതി എന്നിവ വിലയിരുത്തുന്നതിന് ചേർന്ന അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾ ടാക്സ്, ബാങ്ക് ലോൺ, തൊഴിൽ നികുതി കുടിശിക തുടങ്ങി വിവിധ റവന്യൂ റിക്കവറി ഇനങ്ങളിലായി 247 കോടി രൂപ പിരിക്കാനുണ്ട്. പിരിച്ചെടുക്കൽ ഊർജ്ജിതമാക്കണമെന്ന് കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.10 ലക്ഷത്തിന് മേൽ കുടിശ്ശികയുള്ള കക്ഷികളെ കണ്ടെത്തി റവന്യൂ റിക്കവറി നടപടി പ്രകാരം ജപ്തി, വില്പന ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ച് അടിയന്തരമായി തുക ഈടാക്കണം. 20 ലക്ഷത്തിലധികമുള്ള ബാങ്ക് ലോൺ കേസുകളിൽ സർക്കാർ നിർദേശപ്രകാരം അതാത് ബാങ്കുകൾക്ക് തിരിച്ച് അയക്കാനും കളക്ടർ നിർദ്ദേശിച്ചു

## കാർഷിക വികസന ബാങ്ക് ലോൺ ഓൺലൈനായി അടക്കാം:

# സോഫ്റ്റ്‌വെയർ അവതരിപ്പിച്ച് ഇൻഫോപാർക്ക് കമ്പനി




**കൊച്ചി:**സംസ്ഥാനത്തെ 37 പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളിലെ ലോണുകൾ ഓൺലൈനായി അടക്കാൻ സോഫ്റ്റുവെയറുമായി ആലപ്പുഴ ചേർത്തല ഇൻഫോപാർക്കിലെ സോഫ്റ്റുവെയർ കമ്പനി നൈസ് സിസ്റ്റംസ്. ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് പ്രസിഡന്റ് അഡ്വ. സി.കെ ഷാജിമോഹൻ സോഫ്റ്റുവെയർ ലോഞ്ച് നിർവ്വഹിച്ചു.സംസ്ഥാനത്ത് ആകെ 77 പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളാണ് ഉള്ളത്. ഇതിൽ 37 ബാങ്കുകളിൽ ഇൻഫോപാർക്കിലുള്ള നൈസ് സിസ്റ്റംസിന്റെ സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഈ ബാങ്കുകളിൽ ഓൺലൈൻ പേമെന്റ് സംവിധാനം പ്രാബല്യമാകുന്നതോടുകൂടി വായ്പെടുത്തിട്ടുള്ളവർക്ക് ഇനി മുതൽ ബാങ്കിലെത്താതെ ലോൺ അടക്കാൻ കഴിയും. ഫെഡറൽ ബാങ്കുമായി ചേർന്ന് റിയൽ ടൈ ഓട്ടോമാറ്റിക്ക് ക്രഡിറ്റ് സൗകര്യത്തോടെ ഈ സോഫ്റ്റ്വെയർ വികസിപ്പിച്ചത് നൈസ് സിസ്റ്റം സി.ഇ.ഒ ബിനീഷ് ആണ്. സംസ്ഥാനത്തെ കാർഷിക മേഖലയിൽ ദീർഘകാല, ഹ്യസ്വകാല അടിസ്ഥാനത്തിൽ വിവിധ വായ്പകൾ നൽകുന്ന കാർഷിവികസന ബാങ്കുകൾ ഓരോ സാമ്പത്തിക വർഷവും കോടിക്കണക്കിന് രൂപയാണ് വായ്പയായി നൽകി വരുന്നത്. ആധുനിക ബാങ്കിംഗ് സംവിധാനത്തിലേക്ക് ലക്ഷക്കണക്കിന് കർഷകരെ പ്രാപ്തമാക്കാനും അവരുടെ ഇടപാടുകൾ സുതാര്യമാക്കാനും പരിശോധിക്കാനും ഈ സൗകര്യം വഴി കഴിയും. ഇൻഫോപാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന ലോഞ്ചിങ്ങ് ചടങ്ങിൽ ഇൻഫോപാർക്ക് ഡി.ജി.എം ശ്രീജിത്ത് ചന്ദ്രൻ .എസ് അധ്യക്ഷത വഹിച്ചു.ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റ് സാജൻ കെ.പി മുഖ്യ പ്രഭാഷണം നടത്തി. കേന്ദ്ര ബാങ്ക് ഡയറക്ടർമാർ അഡ്വ. ഫിൽസൺ മാത്യുസ്, ടി.എ നവാസ്, ആലത്തൂർ ബാങ്ക് പ്രസിഡന്റ് വി. പ്രഭാകരൻ, കൊച്ചി ബാങ്ക് പ്രസിഡന്റ് കെ.എൻ സുനിൽകുമാർ, നൈസ് സിസ്റ്റം മാനേജിംഗ് ഡയറക്ടർ ബിനീഷ് ചന്ദ്, ചാലക്കുടി ബാങ്ക് പ്രസിഡന്റ് ടി.കെ ആദിത്യവർമ്മ രാജ്, ഒറ്റപ്പാലം ബാങ്ക് പ്രസിഡന്റ് സുധാകരൻ, ആലപ്പുഴ ബാങ്ക് പ്രസിഡന്റ് വാഹിദ് എന്നിവർ പ്രസംഗിച്ചു.

# ഡെർമ കോ ബ്രാൻഡിന് 30 കോടി മാസ വരുമാനം

**കൊച്ചി:** ചർമ്മസംരക്ഷണ ഉൽപന്ന ബ്രാൻഡായ ഡെർമ കോ. 41 മാസത്തിനുള്ളിൽ പ്രതിമാസം 30 കോടി രൂപയുടെ വരുമാനം എന്ന നിർണായകമായ നേട്ടം കൈവരിച്ചതായി കമ്പനി അധികൃതർ അറിയിച്ചു. ഹാനാസ കൺസ്യൂമർ ലിമിറ്റഡിന് കീഴിൽ 2020 ലാണ് ഡെർമ കോ സ്ഥാപിതമായത്. ഈ നേട്ടത്തിലൂടെ ബ്രാൻഡ് ഹൊനാസയുടെ പതാകവാഹക ബ്രാൻഡായ മാമഎർത്തിനെ പ്രതിമാസ വരുമാന നേട്ടത്തിൽ മറികടക്കുകയും ചെയ്തു.ഡെർമ കോ ചർമ്മത്തിനും മുടിയ്ക്കും സംരക്ഷണം നൽകുകയും മുഖക്കുരു, മുഖക്കുരുപാടുകൾ, നിറവ്യത്യാസം, മങ്ങിയ ചർമ്മം, ജര, മുടികൊഴിച്ചിൽ, താരൻ തുടങ്ങിയവ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള വിവിധ ഉൽപന്നങ്ങളാണ് വിപണിയിലെത്തിക്കുന്നതെന്നും കമ്പനി അധികൃതർ പറഞ്ഞു.ഇവ ഡിജിറ്റൽ, റീട്ടെയ്ൽ വിൽപന കേന്ദ്രങ്ങളിലൂടെ ഉപയോക്താക്കൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ളസംവിധാനങ്ങളും കമ്പനി സ്വീകരിച്ചിട്ടു്.മുൻനിര ഇകൊമേഴ്സ്പ്ലാറ്റ്ഫോമുകളിലും തെരഞ്ഞെടുത്ത വ്യാപാര പങ്കാളികളുടെ ഔട്ട്ലെറ്റുകളിലും ഇവ ലഭ്യമാകും.

## അർമിയ സിസ്റ്റത്തിന് മികച്ച തൊഴിലിടത്തിനുള്ള അന്താരാഷ്ട്ര അംഗീകാരം



**കൊച്ചി:** മികച്ച തൊഴിലിടത്തിനുള്ള അന്താരാഷ്ട്ര അംഗീകാരമായ ഗ്രേറ്റ് പ്ലേസ് ടു വർക്ക് സർട്ടിഫിക്കേഷന് അർമിയ സിസ്റ്റംസ് അർഹരായതായി കമ്പനി സ്ഥാപിച്ച അജി എബ്രഹാം പറഞ്ഞു.അന്താരാഷ്ട്ര തൊഴിലിട സർട്ടിഫിക്കേഷൻ ഏജൻസിയായ ഗ്രേറ്റ് പ്ലേസ് ടു വർക്ക് (ഏജഠണ) ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ സർട്ടിഫിക്കേഷൻ നൽകുന്നത്. ഓൺലൈൻ ബിസിനസ് സംവിധാനങ്ങൾ നിരന്തരം പരിഷ്കരിക്കുന്ന ഡിജിറ്റൽ പ്രോഡക്ട് ഡെവലപ്മെന്റ് കമ്പനിയാണ് 2003ൽ സ്ഥാപിച്ച ആർമിയ സിസ്റ്റംസ്. ചിക്കാഗോയിലാണ് കമ്പനിയുടെ ആസ്ഥാനം. കൊച്ചി ഇൻഫോപാർക്കിൽ ഡെവലപ്മെന്റ് യൂണിറ്റിന് പുറമെ നാസിക്കിലും കൊളംബോയിലും പുതിയ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.ജീവനക്കാർക്ക് കമ്പനിയോടുള്ള വിശ്വസം കാണിക്കുന്ന ട്രസ്റ്റ് സൂചിക, മികച്ച തൊഴിൽ സാഹചര്യം, നേതൃത്വം, സുസ്ഥിര സാമ്പത്തിക പ്രകടനം തുടങ്ങി മികച്ച ജോലിസ്ഥലങ്ങളെ വിലയിരുത്തുന്നതിനുള്ള വിവിധ മാനദണ്ഡങ്ങൾ ഉപയോഗിച്ച് സർവേയും പഠനങ്ങളും നടത്തിയാണ് സർട്ടിഫിക്കേഷനായി തിരഞ്ഞെടുക്കുന്നത്. ജോലിസ്ഥലത്ത് വിശ്വാസം വളർത്തുന്നതിലും നിലനിർത്തുന്നതിലും വിജയം കൈവരിച്ചത് ശക്തമായ ടീം വർക്കിലൂടെയാണെന്ന് അജി എബ്രഹാം പറഞ്ഞു.യുഎസ്, യൂറോപ്പ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ ആഗോള കമ്പനികളണാണ് അർമിയയുടെ സേവനം പ്രയോജനപ്പെടുത്തുന്നത്.അടുത്ത ര് വർഷത്തിനുള്ളിൽ 300 ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കമ്പനിയുടെ പ്രതീക്ഷയെന്നും അജി എബ്രഹാം പറഞ്ഞു.

# ഗണേശ സ്വർണ്ണ നാണയങ്ങൾ പുറത്തിറക്കി മുത്തൂറ്റ് റോയൽ ഗോൾഡ്



**കൊച്ചി:** എം മാത്യു മുത്തൂറ്റ് ഗ്രൂപ്പിൻറെ ഭാഗമായ മുത്തൂറ്റ് റോയൽ ഗോൾഡ് ഗണപതിയുടെ ചിത്രം ആലേഖനം ചെയ്ത 24 കാരറ്റ് സ്വർണ്ണ നാണയം അവതരിപ്പിച്ചു. മധുരയിലെ പിള്ളയാർപട്ടി കർപ്പഗ വിനായഗർ ക്ഷേത്രത്തിൽ നടന്ന ചടങ്ങിലാണ് സ്വർണ്ണ നാണയം പുറത്തിറക്കിയത്.

കാരക്കുടി മാനേജിംഗ് ട്രസ്റ്റി ജി.എ. സ്വാമിനാഥൻ മറ്റ് ട്രസ്റ്റികളായ തണ്ണീർ മലൈ, പിച്ചൈ കുറുക്കൽ എന്നിവർക്കൊപ്പം ഡെപ്യൂട്ടി ചീഫ് ഓപറേറ്റിങ് ഓഫീസർ (എംഎംഎഫ്എൽ) സെൻമോൻ പി.വി, അസോസിയേറ്റ് വൈസ് പ്രസിഡൻറ് (എംആർജി) ജിസൺ തോമസ്, സീനിയർ സോണൽ മാനേജർ (എംഎംഎഫ്എൽ) പി. ബാലസുബ്രഹ്മണ്യൻ, സെയിൽസ് മാനേജർ (എംഎംഎഫ്എൽ) ധനേഷ് പത്മനാഭൻ, മധുര മേഖല ആർഎം കെ. നെപ്പോളിയൻ, ട്രിച്ചി മേഖല എഎം എ. ഹെൻഡ്രി രാജ, മന മധുരൈ മേഖല എഎം ധനഞ്ജയൻ, തിരുപ്പത്തൂർ ബ്രാഞ്ച് ബിഎം മുബാറക് അലി എന്നിവരുടെ സാന്നിധ്യത്തിലാണ് നാണയം പുറത്തിറക്കിയത്. വിഘ്നങ്ങളെ അകറ്റുന്നവനും ജ്ഞാനത്തിൻറെ ദൈവവുമായ ഗണപതിയെയാണ് പ്രമേയമാക്കിയിരിക്കുന്നത്. നാണയം ഒന്ന്, രണ്ട്, നാല്, എട്ട് ഗ്രാമുകളിൽ ലഭ്യമാണ്. ഗണപതി കൂട്ടാളി മൂഷികനൊപ്പം ഇരിക്കുന്ന 3ഡി രൂപമാണ് നാണയത്തിലുള്ളത്.നാണയം എല്ലാവർക്കും ഭാഗ്യവും സമൃദ്ധിയും നൽകുമെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. ഇന്ത്യൻ കലയും സംസ്കാരവും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധതയുടെ ഭാഗമാണിത്. ഈ നാണയം തങ്ങളുടെ ഉപഭോക്താക്കൾക്ക് പ്രിയപ്പെട്ടതും അവരുടെ വിശ്വാസത്തിൻറെയും സമൃദ്ധിയുടെയും പ്രതീകമായി മാറുമെന്ന് പ്രതീക്ഷിക്കുന്നുവെന്നുവെന്നും മാത്യു മുത്തൂറ്റ് പറഞ്ഞു. കുറഞ്ഞ വരുമാനമുള്ളവർക്ക് മുൻകൂർ പേയ്മെൻറുകളിലൂടെ സ്വർണ്ണ നാണയങ്ങൾ സ്വന്തമാക്കാൻ കഴിയുമെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി ഇ മത്തായി പറഞ്ഞു. വരും വർഷങ്ങളിൽ ഈ നാണയങ്ങൾ ഉപഭോക്താക്കൾക്ക് മൂല്യവത്തായി മാറുമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഉപഭോക്താക്കൾക്ക് അടുത്തുള്ള മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ബ്രാഞ്ച് സന്ദർശിച്ചോ, കമ്പനിയുടെ വെബ്സൈറ്റിൽ ഓൺലൈനായോ ഗണേശ സ്വർണ്ണനാണയം വാങ്ങാം.

# ഫെഡറൽ ബാങ്ക് –കാർത്തിക് ലൈവ് നാളെ അങ്കമാലിയിൽ




**കൊച്ചി:** തെന്നിന്ത്യൻ പിന്നണി ഗായകൻ കാർത്തിക് നയിക്കുന്ന ഫെഡറൽ ബാങ്ക് കാർത്തിക് ലൈവ് നാളെ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കും. വൈകുന്നേരം ആറുമണി മുതലാണ് തത്സമയ പരിപാടി നടക്കുക. കാർത്തിക്കിന്റെ ദക്ഷിണേന്ത്യൻ പര്യടനത്തിന്റെ ഭാഗമാണ് കൊച്ചിയിലെ ലൈവ്. ഇതാദ്യമായാണ് കേരളത്തിൽ കാർത്തിക്കിന്റെ പബ്ലിക് പ്രോഗ്രാം നടക്കുന്നത്. ഫൈഡറൽ ബാങ്ക് സംഘടിപ്പിക്കുന്ന പരിപാടി ഒരുക്കുന്നത് ക്ലിയോനെറ്റ് ഇവന്റ്സ് ആണ്.യുവാക്കളെയും കുടുംബ പ്രേക്ഷകരെയും ഒരുപോലെ ആവേശത്തിലാഴ്ത്താൻ സാധിക്കുന്ന പ്രകടനമായിരിക്കും കാർത്തിക്കിന്റേതെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു. പരിപാടി നടക്കുന്ന വേദിക്ക് സമീപത്തായി ടിക്കറ്റുകൾ ലഭ്യമാകും.

# ട്രാൻസ്പ്ലാന്റ് ഗെയിംസ് ഡിസംബർ 9ന് കൊച്ചിയിൽ

**കൊച്ചി:** ഹാർട്ട് കെയർ ഫൗഷേന്റെ ആഭിമുഖ്യത്തിൽ അവയവദാതാക്കൾക്കും സ്വീകർത്താക്കൾക്കുമായി ട്രാൻസ്പ്ലാന്റ് ഗെയിംസ് സംഘടിപ്പിക്കുന്നു. ഡിസംബർ 9ന് കൊച്ചിയിൽ മൂന്ന് വേദികളിലായാണ് ഗെയിംസ് നടക്കുകയെന്ന് ഹാർട്ട് കെയർ ഫൗഷേൻ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. റീജ്യണൽ സ്പോർട്സ് സെന്ററായിരിക്കും പ്രധാന വേദി. കലൂർ ജവഹർലാൽ നെഹറു രാജ്യാന്തര സ്റ്റേഡിയം, ലുലു മാൾ എന്നിവിടങ്ങളിലും മത്സരങ്ങൾ നടക്കും. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ), കൊച്ചി നഗരസഭ, കെഎംആർഎൽ, റീജിയണൽ സ്പോർട്സ് സെന്റർ, ജിസിഡിഎ, ലുലു മാൾ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, ലിവർ ഫൗഷേൻ ഓഫ് കേരള (ലിഫോക്) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഗെയിംസ് സംഘടിപ്പിക്കുന്നത്.അവയവമാറ്റത്തിന് വിധേയമായവർക്കും ജീവിച്ചിരിക്കുന്ന അവയവദാതാക്കൾക്കുമായാണ് ട്രാൻസ്പ്ലാന്റ് ഗെയിംസ് സംഘടിപ്പിക്കുന്നതെന്നും ഹാർട്ട് കെയർ ഫൗഷേൻ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതിയിലൂടെ മരണാനന്തരം അവയവദാനം ചെയ്തവരുടെ കുടുംബാംഗങ്ങൾക്കും ഗെയിംസിൽ പങ്കെടുക്കാവുന്നതാണ്. അവയവദാതാക്കളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനൊപ്പം അവയവ സ്വീകർത്താക്കളുടെ മനോവീര്യവും ആത്മവിശ്വാസവും ഉയർത്തുക എന്നതാണ് ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ പ്രധാന ലക്ഷ്യമെന്ന് അവർ വ്യക്തമാക്കി. ഇതിന് പുറമേ അവയവമാറ്റത്തിന് വിധേയമായവർക്ക് നിശ്ചിത കാലയളവിന ് ശേഷം മറ്റ് മനുഷ്യരെ പോലെ സാധാരണ ജീവിതം നയിക്കാമെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും അവയവദാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനും ഈ ഗെയിംസിലൂടെ ഹാർട്ട് കെയർ ഫൗഷേൻ ലക്ഷ്യമിടുന്നതായി ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു.7 വയസ് മുതൽ 70 വയസ് വരെ പ്രായമുള്ള വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം, കൈ, പാൻക്രിയാസ്, കുടൽ തുടങ്ങിയ അവയവങ്ങൾ സ്വീകരിച്ചവർക്കും ദാതാക്കൾക്കും ഗെയിംസിൽ പങ്കെടുക്കാമെന്ന് ഹാർട്ട് കെയർ ഫൗഷേൻ ട്രസ്റ്റി ഡോ. ജോ ജോസഫ് പറഞ്ഞു. ഒരാൾക്ക് പരമാവധി മൂന്ന് ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. അവയവ സ്വീകർത്താക്കൾ ശസ്ത്രക്രിയ കഴിഞ്ഞ് കുറഞ്ഞത് ഒരു വർഷം പൂർത്തിയായിരിക്കണം. ഇതിന് പുറമേ ശസ്ത്രക്രിയ ചെയ്ത മെഡിക്കൽ സംഘത്തിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണെന്നും ഡോ. ജോ വ്യക്തമാക്കി.ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ ലോഗോ പ്രശസ്ത ഫുട്ബോൾ താരം ഐ.എം. വിജയനും വെബ്സൈറ്റ് കെസോട്ടോ എക്സിക്യുട്ടിവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസും പ്രകാശനം ചെയ്തു. ഹാർട്ട് കെയർ ഫൗഷേൻ ട്രസ്റ്റി ഡോ. ജേക്കബ് എബ്രഹാം, ലിഫോക് ട്രഷറർ ബാബു കുരുവിള എന്നിവരും വാർത്താസമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ഗെയിംസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് https://www.heartcarefoundation.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗെയിംസിൽ സന്നദ്ധസേവനം ചെയ്യാൻ താൽപര്യമുള്ളവർക്കും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.




# കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ഡാറ്റാ എൻട്രി, ഡി ടി പി കോഴ്സുകളുടെ പരിശീലനം നടത്തുന്നതിനായി കമ്പ്യൂട്ടർ ഇൻസ്ട്രക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അടിസ്ഥാന യോഗ്യതയായി ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നു ബിരുദവും, പി ജി ഡി സി എ യും ഉള്ളവരായിരിക്കണം. പ്രോസസിംഗ്, എം എസ് വേഡ്, സ്പ്രഡ് ഷീറ്റ് പാക്കേജ്, ഡിടിപി, ഐ സ് എം എന്നിവ കൂടാതെ വേർഡ് എന്നിവയിൽ പരിജ്ഞാനമുള്ളവരും അംഗീകൃത സർട്ടിഫിക്കറ്റുകൾ ഉള്ളവരുമായിരിക്കണം. കമ്പ്യൂട്ടർ കോഴ്സ് പരിശീലനത്തിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. താല്പര്യമുള്ളവർ ബയോഡാറ്റയും, വിദ്യാഭ്യാസ യോഗ്യത, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്?ടോബർ 11ന് വൈകിട്ട് 5 നകം അപേക്ഷ സമർപ്പിക്കണം. എസ് സി/ എസ് ടി വിഭാഗത്തിൽപ്പെടുന്നവർക്ക് മുൻഗണന. വൈകി ലഭിക്കുന്നതോ അപൂർണമായതോ ആയ അപേക്ഷകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ, ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, സബ് ജയിൽ റോഡ്, ബൈ ലെയ്ൻ, ആലുവ എന്ന വിലാസത്തിൽ ബന്ധപ്പെടാം. ഫോൺ 0484 2623304.

# ജോർജ് മാർട്ടിനും ടീം കണ്ണൂർ സ്ക്വാഡും സെപ്റ്റംബർ 28ന് തിയേറ്ററിൽ

**കൊച്ചി:** മമ്മൂട്ടി കമ്പനിയുടെ നാലാമത് ചിത്രം 'കണ്ണൂർ സ്ക്വാഡ് ' സെപ്തംബർ 28ന് ചിത്രം തിയേറ്ററുകളിലേക്കെത്തും. മെഗാ സ്റ്റാർ മമ്മൂട്ടി എഎസ് ഐ ജോർജ് മാർട്ടിനായി കണ്ണൂർ സ്ക്വാഡിൽ എത്തുമ്പോൾ തന്റെ കരിയറിലെ സാമ്യതകളില്ലാത്ത പോലീസ് വേഷത്തിലെ അഭിനയത്തിലൂടെ പ്രേക്ഷകരെ വിസ്മയിപ്പിക്കുമെന്നുറപ്പാണ്. ചിത്രത്തിന്റെ സെൻസറിങ് പൂർത്തിയായി യു എ സർട്ടിഫിക്കറ്റ് ആണ് ചിത്രത്തിന് ലഭിച്ചിരിക്കുന്നത്. റോബി വർഗീസ് രാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥ ഷാഫിയും തിരക്കഥ ഡോക്ടർ റോണിയും ഷാഫിയും ചേർന്നൊരുക്കുന്നു. സോഷ്യൽ മീഡിയയിൽ തരംഗമായി മാറിയ കണ്ണൂർ സ്ക്വാഡ് ട്രയ്ലർ ഇരുപത്തിമൂന്നു ലക്ഷം കാഴ്ചക്കാരുമായി മുന്നേറുകയാണ്. കിഷോർകുമാർ,വിജയരാഘവൻ, അസീസ് നെടുമങ്ങാട്, ശബരീഷ്,റോണിഡേവിഡ്,മനോജ്.കെ.യു തുടങ്ങിയ താരങ്ങൾ പ്രധാന വേഷങ്ങളിൽ എത്തുന്ന ഇൻവെസ്റ്റിഗേഷൻ ത്രില്ലർ ചിത്രമാണ് കണ്ണൂർ സ്ക്വാഡ്. ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ




എസ്സ് ജോർജാണ്. ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ് ചിത്രത്തിന്റെ കേരളത്തിലെ വിതരണക്കാർ.കണ്ണൂർ സ്ക്വാഡിന്റെ അണിയറ പ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം : മുഹമ്മദ് റാഫിൽ, സംഗീത സംവിധാനം : സുഷിൻ ശ്യാം, എഡിറ്റിങ് : പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ : സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടേഴ്സ് : ജിബിൻ ജോൺ, അരിഷ് അസ്ലം, ചീഫ് അസ്സോസിയേറ്റ് ക്യാമറാമാൻ : റിജോ നെല്ലിവിള, പ്രൊഡക്ഷൻ ഡിസൈനർ : ഷാജി നടുവിൽ, മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : അരുൺ മനോഹർ, അഭിജിത്, സൗണ്ട് ഡിസൈൻ : ടോണി ബാബു എംപിഎസ്ഇ, അസോസിയേറ്റ് ഡയറക്ടേഴ്സ് : വി ടി ആദർശ്, വിഷ്ണു രവികുമാർ, വി എഫ് എക്സ്: ഡിജിറ്റൽ ടർബോ മീഡിയ, വിശ്വാ എഫ് എക്സ്, സ്റ്റിൽസ്: നവീൻ മുരളി, ഓവർസീസ് വിതരണം: ട്രൂത്ത് ഗ്ലോബൽ ഫിലിംസ്, ഡിസൈൻ: ആന്റണി സ്റ്റീഫൻ,ടൈറ്റിൽ ഡിസൈൻ : അസ്തറ്റിക് കുഞ്ഞമ്മ, ഡിജിറ്റൽ മാർക്കറ്റിംഗ് : വിഷ്ണു സുഗതൻ, പി ആർ ഒ : പ്രതീഷ് ശേഖർ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663